www.kssia.com

# KSSiA NEWS

വ്യവസായ മാസിക

kssianews@gmail.com e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. AUGUST 2023. ₹ 5.00

VOL. 9 - ISSUE NO. 12 - DATE OF PUBLICATION 25TH AUGUST, 2023 - REGN. NO. KERBIL/2005/23143 - TOTAL PAGES: 24



## ഒരുമിച്ചു നിന്നു, ഒരുമിച്ചു പ്രവർത്തിച്ചു, ഒരുമിച്ചു വളരാം.

3 സാമൂഹ്യ സുരക്ഷ പദ്ധതി

5 വ്യവസായ അസോസിയേഷനിൽ അംഗത്വം എടുക്കേണ്ടത് അനിവാര്യം

7 ക്രെഡിറ്റ് ലിങ്ക്ഡ് ക്യാപിറ്റൽ സബ്സിഡി സ്കീം പുനഃരാരംഭിക്കണം

11 പ്രധാന മന്ത്രിയുടെ ഭക്ഷ്യ സംസ്കരണ പദ്ധതി

16 സൂക്ഷ്മ ചെറുകിട ഇടത്തരം വായ്പകൾ

ഓണാശംസകൾ

GOVERNMENT OF KERALA

KSIDC

'Towards a More Prosperous and Plentiful Kerala'

# NEW INDUSTRIAL POLICY 2023

## Seeking smart investments for a sustainable tomorrow

The new Industrial Policy aims to foster a conducive and sustainable industrial ecosystem that brings about investment and innovation

**7 focus pillars**

**22 sunrise sectors**

**18 Incentives for Investors**

### Incentive Schemes

- Capital subsidy incentive for MSMEs
- Investment subsidy for Mega and Large
- Employment Enhancer incentive for Large and Mega
- Waiver of stamp Duty & Registration charges for manufacturing units
- Private Industrial Estates for General
- Made in Kerala (Branding & Marketing) for General

**KERALA STATE INDUSTRIAL DEVELOPMENT CORPORATION LIMITED**

Head Office: Keston Road, Kowdiar, Thiruvananthapuram-695003 | Regional Office: 2nd Floor, Choice Towers, Manorama Jn, Kochi-682016

Satellite Office: First Floor, BSNL Office Annex. Building, Balan K Nair Road, Ashokapuram,Kozhikode – 673 001

Ph: No: 0484-2323010 | enquiry@ksidcmail.org | www.ksidc.org

Follow us on

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. Ph : 94963 60300
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS FOR THE YEAR 2022-2024**

**STATE PRESIDENT**
A. Nizarudeen
Naz Wood Industries, T.K.M.C.P.O.,
Karicode, Kollam - 05. Mob: 94477 10078
Email: nazwoodind@gmail.com

**GENERAL SECRETARY**
P.J. Jose
Pallipadan Enterprises, Marottichuvadu, Edapally,
Cochin - 682 024. Mobile: 98460 53553
Email: info@manoramasalescorporation.com

**STATE VICE PRESIDENTS**

**SOUTH ZONE**
A. Fasiludeen
Travancore New Tech Interlock Bricks,
Pulimath, Karette, Trivandrum - 695 612.
Mob: 94007 04000, Email: fthoppil@yahoo.com

**CENTRAL ZONE**
Abraham Kuriakose
Perfect Crumbs,
Amayannoor P.O., Kottayam - 686 019.
Mob: 94470 43445, Email: perfectcorp@yahoo.com

**NORTH ZONE**
A.V. Sunilnath
Ferrero Vinyil Technologies (Pvt) Ltd, 7/342,
Kolathra P.O., Kozhikode - 673 655.
Mob: 93497 44145,
Email: sunilnath@walkaroogroup.com

**STATE TREASURER**
Joseph Paikada
Indo-Malabar Foods (P) Ltd, N.H. Road, Kanhirangad,
Taliparamba, Kannur - 670 142.
Mob: 94972 24422, Email: josephpaikada@gmail.com

**STATE JOINT SECRETARIES**
V.K. Harilal (South Zone)
Venice Coir Company, I D Plot, Vadackal P.O.,
Alappuzha - 688 003. Mob: 98472 30058

B. Jayakrishnan (Central Zone)
Toyo Rubbers, Kumaramangalam P.O., Thodupuzha.
Mob: 94473 30569

George Mundakkal (North Zone)
Paulson Fertilizers, Kalluvayal, Sulthan Bathery P.O.,
Wayanad. Mob: 94472 95110

**EDITORIAL BOARD**
**Chief Editor**
S. Salim
Mobile: 93873 05751
Email: md@unicornplywoods.com

**MEMBERS**

| | |
|---|---|
| A. Nizarudeen | Mob: 94477 10078 |
| P. J. Jose | Mob: 98460 53553 |
| Rajesh. G | Mob: 98957 03837 |
| Thomas Mathew | Mob: 94470 46411 |

**PRINTER & PUBLISHER**
K.P. Ramachandran Nair
Mobile: 94470 17899

---

**PRINTING, COVER DESIGN & LAYOUT**
Rajsree Industrial Printer, Edayar.

KSSiA NEWS
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION AUGUST 2023 ₹ 5.00

## എഡിറ്റോറിയൽ

# സാമൂഹ്യ സുരക്ഷാ പദ്ധതി



മനുഷ്യ സ്നേഹത്തിന്റെയും സാമൂഹിക ബോധത്തിന്റെയും, ചരിത്രമായി മാറിയതാണ് സർക്കാരിന്റെ സാമൂഹ്യ സുരക്ഷാ പദ്ധതി. ഇന്ന് അതിന്റെ ആനുകൂല്യം അനുഭവിക്കുന്നവർ 60 ലക്ഷം കവിഞ്ഞു. അശരണരും ആലംബഹീനരും മാത്രമല്ല ഒരർത്ഥത്തിൽ, സർവ്വീസിൽ നിന്നും വിരമിച്ചവരുടെ പെൻഷനും, വാർദ്ധക്യ സുരക്ഷയുടെ ആനുകൂല്യം തന്നെയാണ്. എന്നാൽ ഒരു ആനുകൂല്യത്തിനും പ്രതീക്ഷയില്ലാതെ, വ്യവസായത്തകർച്ചയിൽ അരക്ഷിതരായ, മൺമറഞ്ഞ വ്യവസായികളുടെ ഓർമ്മയിൽ, ഇന്നും മരിച്ചു ജീവിക്കുന്ന, വ്യവസായം തകർന്ന മനുഷ്യരും ഇപ്പോഴത്തെ വ്യവസായികളിൽ ഉത്കണ്ഠ ഉണർത്തുന്നുണ്ട്.

സാമൂഹ്യ വികസനവും, ശമ്പളവും പെൻഷനുകളും മറ്റ് ആനുകൂല്യങ്ങളും അർഹതപ്പെട്ടവരിൽ എത്തുമ്പോൾ അതിൽ നല്ലൊരു വിഹിതം എം.എസ്.എം.ഇ. മേഖലയിലെ വ്യവസായികളുടെയാണെന്നു കൂടി നാം ഓർക്കേണ്ടതുണ്ട്.

വ്യവസായവുമായി ബന്ധപ്പെട്ട ഓഫീസുകളിൽ ലൈസൻസിനായി കയറി ഇറങ്ങി, ഫീസും, ടാക്സും മറ്റുമായി സർക്കാരിന് നല്കുന്നത് കോടികളാണ്. ആദായം കിട്ടുമ്പോൾ ആദായനികുതി വേറെയും നല്കുന്നു. നഷ്ടം ഉണ്ടാകുമ്പോൾ ഒരു സഹായ ആനുകൂല്യവും എങ്ങു നിന്നും കിട്ടാറില്ല.

വാർദ്ധക്യം കൊണ്ടോ നഷ്ടം താങ്ങാനാവാതെയോ ദുരിതം അനുഭവിക്കുന്ന, സാമ്പത്തിക ബുദ്ധിമുട്ടിൽ, ജീവിതം പോലും വഴിമുട്ടി നില്ക്കുമ്പോൾ, നല്ല കാലത്ത് സാമൂഹിക സുരക്ഷയിൽ ഒപ്പം നിന്ന ഈ വ്യവസായികൾക്കും ഇത്തരം ഒരു സാമൂഹിക സുരക്ഷ വേണ്ടതല്ലേ?.

സർക്കാർ അതിന് മുൻകൈ എടുക്കേണ്ടതല്ലേ? ഇന്ന് ഇപ്പോൾ ഇത്തരമൊരു ചിന്ത വ്യവസായികളെ അലട്ടി തുടങ്ങിയിരിക്കുന്നു. സർക്കാർ ഇത് അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈ സാഹചര്യത്തിൽ മറ്റൊരു കാര്യം കൂടി ചൂണ്ടി കാണിക്കേണ്ടതുണ്ട്. ഇന്ത്യയിൽ തന്നെ ആദ്യമായി വ്യവസായികൾക്കായി നമ്മുടെ സംഘടന സോഷ്യൽ സെക്യൂരിറ്റി ഫണ്ട് രൂപികരിച്ചു. രോഗത്തിലും, മരണത്തിലും അംഗങ്ങൾക്കൊരു കൈതാങ്ങായി 2010 തുടക്കത്തിൽ തന്നെ ഇടതുപക്ഷ സർക്കാർ ഒരു കോടി രൂപ സഹായധനമായി അനുവദിച്ചു കിട്ടിയിരുന്നു. വാഗ്ദാനമുണ്ടായിരുന്നുവെങ്കിലും തുടർ വർഷങ്ങളിൽ അത് ലഭിക്കാതെ പോയി. ഈ സഹായം പുനഃസ്ഥാപിക്കുന്ന കാര്യം കൂടി സർക്കാർ പരിഗണിക്കണമെന്ന അഭ്യർത്ഥനയോടെ,

**എസ്. സലിം**
**ചീഫ് എഡിറ്റർ**



# എല്ലാം ശരിയാകും
# സർട്ടിഫിക്കേഷൻ
# ശരിയാണെങ്കിൽ

ഭക്ഷ്യ ഉൽപാദക സ്ഥാപനങ്ങൾ, ഭക്ഷ്യ സംസ്കരണ കമ്പനികൾ, ഹോട്ടൽ, കാറ്ററിംഗ് സ്ഥാപനങ്ങൾ, എക്സ്പോർട്ടിംഗ് എന്നിങ്ങനെ ചെറുകിട, ഇടത്തരം ബിസിനസുകൾ ഉൾപ്പെടെ ഭക്ഷ്യ വിതരണ ശൃംഖലയിലെ എല്ലാ തരത്തിലുമുള്ള ബിസിനസുകൾക്കും ഭക്ഷ്യ സുരക്ഷാ സർട്ടിഫിക്കേഷൻ ബാധകമാണ്

കൂടുതൽ വിവരങ്ങൾക്ക്

HACCP CERTIFICATION NCHC NATIONAL CENTRE

## NATIONAL CENTRE FOR HACCP CERTIFICATION

2, Vidhya Nagar, Opposite Police Ground,
Thycaud P.O., Thiruvananthapuram - 695014.
Tel: +91 471-2321882 Fax: +91 471-2322883
Email: info@haccpindia.org
www.haccpindia.org

പ്രസിഡൻഷ്യൽ റിപ്പോർട്ട്



# വ്യവസായ അസോസിയേഷനിൽ അംഗത്വം എടുക്കേണ്ടത് അനിവാര്യം



സംസ്ഥാന സർക്കാർ കേരളം വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഇത് പൂർണ്ണമാവണമെങ്കിൽ ചെറുകിട വ്യവസായ മാന്യുഫാക്ചറിങ്ങ് യൂണിറ്റുകളെല്ലാം കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷനിൽ അംഗത്വം എടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. വ്യവസായ അസോസിയേഷനുകളിൽ അംഗത്വം എടുക്കുന്നതിലൂടെ ഒരു കൂട്ടം ആളുകളുടെ കൂടെ പ്രവർത്തിക്കാനുള്ള സുവർണ്ണാവസരമാണ് നമുക്ക് ഓരോരുത്തർക്കും ലഭിക്കുന്നത്. സ്ഥാനമാനങ്ങളിൽ മിഴികൾ ഊന്നാതെ ഇത്തരം അസോസിയേഷനുകളിൽ പ്രവർത്തിക്കുന്നതിലൂടെ നമ്മുടെ തന്നെ വ്യവസായ ശ്യംഖലയുടെ തോത് വർദ്ധിപ്പിക്കുവാൻ സാധിക്കും. അസോസിയേഷനുകളുടെ കൂട്ടായ്മകൾ സംഘടിപ്പിക്കുന്ന പരിശീലന പരിപാടിയിലൂടെയും മറ്റും കൂടുതൽ അറിവുകൾ സമ്പാദിക്കുവാൻ സാധിക്കും. വ്യവസായ അസോസിയേഷനിലെ അംഗത്വം എന്നത് ഏതൊരു വ്യവസായിയുടെയും വിശ്വസ്ഥത വർദ്ധിപ്പിക്കുന്ന ഒന്നാണ്. കേരളത്തിനകത്തും പുറത്തുമായി വ്യവസായ രംഗത്തുണ്ടാകുന്ന നൂതനമായ ആശയവിനിമയങ്ങൾ ഇത്തരം അസോസിയേഷനുകളിലൂടെ നമുക്ക് പ്രാബല്യത്തിലാകും. വ്യവസായ വികസനത്തിലൂടെ മാത്രമെ നാടിന് പുരോഗമനം ഉണ്ടാകു എന്നത് വസ്തു നിഷ്ടമാണ്. ഏതൊരു വ്യവസായിയ്ക്കും സംഘടനാബലത്തിലൂടെ അവരുടെ വ്യവസായ ആവശ്യങ്ങൾക്കുള്ള പല കാര്യങ്ങളും നേടിയെടുക്കാൻ സാധിക്കുമെന്നത് സ്പഷ്ടനീയമായ കാര്യമാണ്.

സംസ്ഥാന സർക്കാരും ചെറുകിട വ്യവസായ അസോസിയേഷനുമായുള്ള സുദീർഘമായ ബന്ധം നിലനിൽക്കുന്നതിലൂടെ, ജില്ല വ്യവസായ കേന്ദ്രവുമായി സംയുക്തമായി ചേർന്നു കൊണ്ട് അംഗസംഖ്യ വർദ്ധിപ്പിക്കുവാൻ നമുക്ക് സാധിക്കും. കെ.എസ്.എസ്.ഐ.എ. യുടെ 14 ജില്ല യൂണിറ്റുകളിൽ 9 ജില്ലകളിൽ എന്റർപ്രൈസസ് ഡെവലപ്മെന്റ് എക്സിക്യൂട്ടിവ്സുമായുള്ള മുഖാമുഖം പരിപാടിയും വാർഷിക ജനറൽ ബോഡി യോഗവും സംഘടിപ്പിക്കുകയുണ്ടായി. ഇത്തരം പരിപാടികളിൽ എന്റർപ്രൈസസ് ഡെവലപ്മെന്റ് എക്സിക്യൂട്ടിവ്സും, ജില്ലാ വ്യവസായ കേന്ദ്രം ഉദ്യോഗസ്ഥരും സംയുക്തമായി പങ്കെടുക്കുന്നതിലൂടെ ചെറുകിട വ്യവസായ രംഗത്തെ പുരോഗതിക്കും ഉന്നമനത്തിനും വേണ്ടി പ്രവർത്തിക്കുവാനും കൂടുതൽ ആളുകളെ ചെറുകിട വ്യവസായ രംഗത്തേക്ക് കൊണ്ടു വരുവാനും പ്രോത്സാഹിപ്പിക്കുവാനും സാധിക്കും.

2022 സംരംഭകവർഷമായി ആചരിച്ച് 1,39,400 പുതിയ സംരംഭകർ രൂപം കൊണ്ടപ്പോൾ അതിൽ 18,500 മാന്യുഫാക്ചറിങ്ങ് യൂണിറ്റുകളാണ് റജിസ്റ്റർ ചെയ്തത്, കൂടാതെ സംരംഭക വർഷം 2.0 യിലൂടെ കൂടുതൽ നവസംരംഭകർ കേരളത്തിലുടനീളം ഉദയം ചെയ്തു കൊണ്ടിരിക്കുന്നു. കെ.എസ്.എസ്.ഐ.എ. ജില്ല യൂണിറ്റുകളും, എന്റർപ്രൈസസ് ഡെവലപ്മെന്റ് എക്സിക്യൂട്ടിവ്സും സംയുക്തമായി ചേർന്നു കൊണ്ട് ഈ നവ സംരംഭകരിലെ മാന്യുഫാക്ചറിങ്ങ് യൂണിറ്റുകളെ നമ്മുടെ അംഗങ്ങളാക്കി മാറ്റുവാനുള്ള നടപടികൾ എത്രയും പെട്ടെന്ന് കൈക്കൊള്ളേണ്ടതാണ്. കേരളത്തിലെ എല്ലാ ജില്ലകളിലെയും പുതുസംരംഭകരെ പരമാവധി ചേർത്തു കൊണ്ട് ഈ വർഷം കെ.എസ്.എസ്.ഐ.എ. യുടെ അംഗബലം വൻതോതിൽ വർദ്ധിപ്പിക്കുക എന്നത് നമ്മുടെ സംഘടനയെ സംബന്ധിച്ചിടത്തോളം അഭിമാനകരമാണ്. കെ.എസ്.എസ്.ഐ.എ. അംഗത്വം എല്ലാവർഷവും കൃത്യമായി പുതുക്കിയാൽ മാത്രമെ അസോസിയേഷന്റെ സുഗമമായി നടത്തിപ്പിനും കെ.എസ്.എസ്.ഐ.എ. ന്യൂസ് മുടക്കം ഇല്ലാതെ അംഗങ്ങൾക്ക് ലഭിക്കുന്നതിനും സാധിക്കുകയുള്ളു. 2 ലക്ഷത്തിലേറെ മാസത്തിൽ ചിലവ് വരുന്ന കെ.എസ്.എസ്.ഐ.എ. ന്യൂസ് ഓരോ വ്യവസായികൾക്കും ഉപയോഗപ്രദമാവുന്ന രീതിയിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. എല്ലാവർഷവും അംഗത്വം പുതുക്കിയാൽ മാത്രമെ കെ.എസ്.എസ്.ഐ.എ. ന്യൂസിന്റെ വരിക്കാരാവാൻ സാധിക്കുകയുള്ളു എന്ന് കൂടി ഓർമ്മപ്പെടുത്തട്ടെ.

സംസ്ഥാനത്തിന്റെ പുരോഗതിയ്ക്ക് ആക്കം കൂട്ടുന്ന ഒരു ബിസിനസ് സൗഹൃദ വ്യവസ്ഥ സൃഷ്ടിക്കുന്നതിനുള്ള സർക്കാരിന്റെ പരിശ്രമത്തിൽ വ്യവസായ സൗഹൃദ റാങ്കിങ്ങ് നല്കി കൊണ്ട് നമുക്കും പങ്കാളികളാകാം. ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസിന്റെ ഭാഗമായി കേന്ദ്ര എം.എസ്.എം.ഇ. നടത്തുന്ന സർവ്വേ പ്രകാരം നിങ്ങളെ ഓരോരുത്തരേയും ടെലിഫോൺ മുഖാന്തിരം ബന്ധപ്പെടുന്നതാണ്. സാമൂഹികപരമായ രീതിയിൽ വികസനം ഉറപ്പാക്കി സർക്കാർ മുന്നേറുമ്പോൾ നമ്മുടെ വിലയേറിയ അഭിപ്രായങ്ങൾ രേഖപ്പെടുത്തി സംസ്ഥാനത്തിന്റെ റാങ്കിങ്ങ് ഉയർത്തുവാനുള്ള ഉത്തരവാദിത്വം കൂടി നാം വിനിയോഗിക്കേണ്ടതാണ്.

**എ. നിസാറുദ്ദിൻ**
**സംസ്ഥാന പ്രസിഡന്റ്**


Palazhi
കറി മസാലകൾ,
പലഹാരപ്പൊടികൾ
ശുദ്ധമായ ചേരുവകളാൽ സമ്പുഷ്ടമായ,
നാടൻ രുചിക്കൂട്ടുകളോടെ തയ്യാർ ചെയ്ത
പാലാഴി മസാലപ്പൊടികൾ,
കറിമസാലകൾ, പലഹാരപ്പൊടികൾ.
Palazhi
Turmeric Powder
Palazhi
Chilly Powder
Palazhi
Coriander Powder
Palazhi
Broken Wheat
alazhi
Whole Wheat Atta
Palazhi
Meat Masala
Palazhi
Sambar Powder
Palazhi
Spice Powders, Curry Masalas, Wheat Products etc..
Mfd. by:
Manthoppil Food Products
135 A, Kodanad P.O, Ernakulam Dist.,
Pin-683544, Ph. 8589011665
E-mail: manthoppil@yahoo.com
fssai No.: 11321007001978





## വോയിസ് ഓഫ് ജനറൽ സെക്രട്ടറി



# ക്രെഡിറ്റ് ലിങ്ക്ഡ് ക്യാപിറ്റൽ സബ്സിഡി സ്കീം പുന:രാരംഭിക്കണം

നിലവിലുള്ള എം.എസ്.എം.ഇ. കളുടെ ടെക്നോളജി അപ്ഗ്രഡേഷന് കേന്ദ്ര സർക്കാർ നല്കുന്ന സഹായ പദ്ധതിയാണ് ക്രെഡിറ്റ് ലിങ്ക്ഡ് ക്യാപിറ്റൽ സബ്സിഡി സ്കീം. വൈവിദ്യവൽക്കരണവും ആധുനിക വൽക്കരണവും ഉൾകൊണ്ട് ടെക്നോളജി അപ്ഗ്രഡേഷൻ രംഗത്ത് വരുന്ന സംരംഭകർക്ക് ഈ പദ്ധതി വളരെ സഹായകരമായിരുന്നു. ടെക്നോളജി അപ്ഗ്രഡേഷനുവേണ്ടി സ്ഥാപിക്കുന്ന പുതിയ പ്ലാന്റ് ആന്റ് മെഷിനറിക്ക് മുതൽ മുടക്കിന്റെ 15 % പരമാവധി 15 ലക്ഷം രൂപ വരെ ലഭിക്കുന്ന പദ്ധതിയാണിത്. ഒരു കോടി രൂപ വരെയുള്ള മുടക്ക് മുതലിനെയാണ് ഈ സബ്സിഡിക്ക് ബാധകമാകുക. ഈ പദ്ധതി നടപ്പാക്കുന്ന പ്രധാന ഏജൻസിയാണ് സിഡ്ബി. നിലവിലെ സംരംഭങ്ങൾക്ക് പുതിയ സാങ്കേതിക വിദ്യകൾ സ്വീകരിച്ച് സംരംഭം ആധുനികവൽക്കരിച്ച് ഉന്നത ഗുണനിലവാരത്തോടെയുള്ള ഉല്പാദനശേഷി വർദ്ധിപ്പിക്കാനും വിപുലീകരിക്കാനും പ്രോത്സാഹനം നല്കുന്ന ഈ പദ്ധതി 2020 ഓടെ കേന്ദ്ര സർക്കാർ അവസാനിപ്പിക്കുകയുണ്ടായി.

രാജ്യത്തിന്റെ വളർച്ചയ്ക്കും തൊഴിൽ വികസനത്തിനും ഗണ്യമായ പങ്ക് വഹിക്കുന്ന എം.എസ്.എം.ഇ. കളുടെ വികസനം ലക്ഷ്യം വെച്ച് കൊണ്ട് കേന്ദ്ര – സംസ്ഥാന സർക്കാരുകൾ വിവിധ പദ്ധതികൾക്ക് രൂപം നല്കിയിട്ടുണ്ട്. മെയ്ക്ക് ഇൻ ഇന്ത്യ, സ്റ്റാൻഡ് അപ്പ് ഇന്ത്യ, സ്റ്റാർട്ട് അപ്പ് ഇന്ത്യ, സ്കീൽ ഇന്ത്യ തുടങ്ങിയ വിവിധ പദ്ധതികൾ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചത് ഈ മേഖലയുടെ വളർച്ച ലക്ഷ്യം വെച്ച് കൊണ്ടാണ്. സർക്കാരിന്റെ ഈ പദ്ധതികൾ യാഥാർത്ഥ്യമാകണമെങ്കിൽ സർക്കാർ പ്രഖ്യാപിച്ച വിവിധ സഹായ പദ്ധതികൾ തുടരേണ്ടത് അനിവാര്യമാണ്.

2016 – 17 മുതൽ 2018 – 19 വരെ ഈ മൂന്ന് വർഷ കാലഘട്ടത്തിൽ 22,247 സംരംഭങ്ങൾക്ക് 1,497 കോടി രൂപ സഹായം ഈ പദ്ധതി മുഖാന്തിരം ലഭിച്ചതായിട്ടാണ് കണക്ക്. ഈ പദ്ധതി നിർത്തലാക്കിയതോടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലം ടെക്നോളജി അപ്ഗ്രഡേഷനിലേക്ക് മുന്നോട്ട് വരാൻ സംരംഭകർ വിമുഖത കാട്ടുകയും കാലഹരണപ്പെട്ട മെഷിനറികൾ ഉപയോഗിച്ച് സംരംഭം കൊണ്ടു പോകുവാൻ സാധിക്കാതെയും വരുന്നു. ഇതു മൂലം സംരംഭങ്ങൾ നിർത്തി പോകാനും സാദ്ധ്യതയുണ്ട്. ഇങ്ങനെ സംഭവിക്കുകയാണെങ്കിൽ സംരംഭകന് മാത്രമല്ല ദോഷം സംഭവിക്കുന്നത് ഒരു ദേശീയ നഷ്ടം കൂടി ക്ഷണിച്ചു വരുത്താൻ ഇടവരും. ഇത് കണക്കിലെടുത്ത് നിർത്തലാക്കിയ ക്രെഡിറ്റ് ലിങ്ക്ഡ് ക്യാപിറ്റൽ സബ്സിഡി സ്കീം പുനരാരംഭിക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്ന് കെ.എസ്.എസ്.ഐ.എ. കേന്ദ്ര സർക്കാരിനോടും ഇത് നടപ്പാക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്ന് സംസ്ഥാന സർക്കാരിനോടും അഭ്യർത്ഥിക്കുന്നു. ■

**പി.ജെ. ജോസ്**
**ജനറൽ സെക്രട്ടറി**



# ചോദ്യോത്തര പംക്തി



**ചോദ്യം: വിൽപ്പനക്കാരൻ നികുതി അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ വിൽപ്പനക്കാരനിൽ നിന്നു തന്നെ വീണ്ടെടുക്കൽ നടത്തണം എന്ന് കൽക്കട്ട ഹൈക്കോടതിയിലെ 2023 ആഗസ്റ്റ് 2 –ാം തിയതിയിലെ വിധിന്യായത്തിൽ പറയുന്നു. ഇതിന്റെ ഒരു വിശദീകരണം നൽകിയാൽ നന്നായിരന്നു?**

**– കെ.വി. ഷാജു**

**തൃശ്ശൂർ, കെ.എസ്.എസ്.ഐ.എ. സംസ്ഥാന കമ്മിറ്റി അംഗം**

**ഉത്തരം:**

വിതരണക്കാരൻ ജി.എസ്.ടി. അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ, വിതരണക്കാരനിൽ നിന്ന് തന്നെ വീണ്ടെടുക്കൽ നടത്തണമെന്ന് കൊൽക്കത്ത ഹൈക്കോടതി.

വിതരണക്കാരനെക്കുറിച്ച് യാതൊരു അന്വേഷണവുമില്ലാതെ ജി.എസ്.റ്റി.ആർ–2 എ, ജി.എസ്.റ്റി.ആർ– 3 ബി, എന്നിവയിലെ പൊരുത്തക്കേടിന്റെ പേരിൽ ജി.എസ്.ടി പ്രകാരമുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ഐ.റ്റി.സി.) നിഷേധിക്കാനാവില്ല. അസാധാരണമായ സാഹചര്യങ്ങൾ പരിഹരിക്കുന്നതിന് റവന്യൂ അധികാരികൾക്ക് ലഭ്യമായ ഒരു ഓപ്ഷൻ മാത്രമാണ് വാങ്ങുന്നയാളിൽ നിന്നുള്ള ജി.എസ്.ടി. ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റിവേഴ്സൽ എന്ന് കൊൽക്കത്ത ഹൈക്കോടതി വിധിച്ചു. സുപ്രധാന വിധി ന്യായത്തിൽ, വിതരണക്കാരനെക്കുറിച്ച് യാതൊരു അന്വേഷണവുമില്ലാതെ ജി.എസ്.റ്റി.ആർ–2 എ, ജി.എസ്.റ്റി.ആർ – 3 ബി, എന്നിവയിലെ പൊരുത്തക്കേടിന്റെ പേരിൽ ജി.എസ്.ടി. പ്രകാരമുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ഐ.റ്റി.സി) നിഷേധിക്കാനാവില്ലെന്ന് കൊൽക്കത്ത ഹൈക്കോടതി വിധിച്ചു. വിതരണക്കാരൻ നികുതികൾ റിപ്പോർട്ട് ചെയ്യാത്തതിന്റെയോ അടക്കാത്തതിന്റെയോ പേരിൽ ഡിമാൻഡ് നോട്ടീസ് നേരിടുന്ന ലക്ഷക്കണക്കിന് വ്യാപാരികൾക്ക് ഈ വിധി വൻ ആശ്വാസം നൽകുന്നു.

വിൽപനക്കാരൻ നികുതി അടയ്ക്കാത്തതിന് വാങ്ങുന്നയാളിൽ നിന്ന് ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ യാന്ത്രിക റിവേഴ്സൽ ഉണ്ടാകില്ല. വിൽപ്പനക്കാരൻ നികുതി അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ, വിൽപനക്കാരനിൽ നിന്ന് വീണ്ടെടുക്കൽ നടത്തണം, എന്ന് കൊൽക്കത്ത ഹൈക്കോടതി പറഞ്ഞു.

2023 ആഗസ്റ്റ് രണ്ടാം തിയതിയിലെ വിധിന്യായത്തിൽ കൊൽക്കത്ത ഹൈക്കോടതി ചീഫ് ജസ്റ്റീസ് ടി.എസ്. ശിവജ്ഞാനം, ജസ്റ്റീസ് ഹിരൺമയ് ഭട്ടാചാര്യ എന്നിവരടങ്ങിയ രണ്ടംഗ ബെഞ്ചാണ് വിധി പ്രസ്താവിച്ചത്.

എന്നിരുന്നാലും, **ഡീലറെ കാണാതാവുക, വിതരണക്കാരൻ സ്ഥാപനം അടച്ചു പൂട്ടുക, വിതരണക്കാരന് മതിയായ ആസ്തികളില്ലാതെയാവുക** തുടങ്ങിയ അസാധാരണമായ സാഹചര്യങ്ങൾ പരിഹരിക്കുന്നതിന് റവന്യു അധികാരികൾക്ക് ലഭ്യമാകുന്ന ഒരു ഓപ്ഷനാണ് വാങ്ങുന്നയാളിൽ നിന്ന് ജി.എസ്.ടി. ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റിവേഴ്സൽ ചെയ്യുന്നതെന്നും കോടതി പറഞ്ഞു.

സൺക്രാഫ്റ്റ് എനർജി പ്രൈവറ്റ് ലിമിറ്റഡ്, അസിസ്റ്റന്റ് കമ്മീഷണർ, സ്റ്റേറ്റ് ടാക്സ്, ബാലിഗഞ്ച് ചാർജ് മറ്റുള്ളവ എന്നിവയ്ക്കെതിരെ മറ്റൊരു കേസ് പരിഗണിക്കുകയായിരുന്നു കോടതി.

ഈ സാഹചര്യത്തിൽ, ഒരു വിതരണക്കാരനിൽ നിന്നുള്ള വാങ്ങലുകൾക്ക് സൺക്രാഫ്റ്റ് എനർജി ഒരു ജി.എസ്.ടി. ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് നേടി. പ്രസ്തുത വിതരണക്കാരന്റെ ചില ഇൻവോയ്സുകൾ 2017–18 സാമ്പത്തിക വർഷത്തിലെ സൺക്രാഫ്റ്റ് എനർജിയുടെ ജി.എസ്.റ്റി.ആർ. 2 എ.യിൽ പ്രതിഫലിക്കാത്തതിനാൽ, വിതരണക്കാരൻ നികുതി അടയ്ക്കാത്തതിനാൽ, ഐ.റ്റി.സി പിന്നീട് റവന്യു അതോറിറ്റി തിരിച്ചെടുത്തു.

ഏറ്റവും പുതിയ വിധിയിൽ, ഭാരതി എയർടെൽ, ഏറൈസ് ഇന്ത്യ ലിമിറ്റഡ് കേസുകളിലെ സുപ്രീം കോടതിയുടെ മുൻ വിധികളെ

ആശ്രയിച്ച്, കൊൽക്കത്ത ഹൈക്കോടതി ബാലിഗഞ്ച് സ്റ്റേറ്റ് ടാക്സ് അസിസ്റ്റന്റ് കമ്മീഷണറുടെ ഉത്തരവുകൾ റദ്ദാക്കി.

**പ്രത്യേകം ശ്രദ്ധിക്കുക:** ഈ സുപ്രധാന വിധി ഐ.റ്റി. സി. റിവേഴ്സൽ നടപടികൾ നേരിടുന്ന ലക്ഷക്കണക്കിന് ചെറുകിട വ്യാപാരികളെ സംബന്ധിച്ചിടത്തോളം ഏറെ ആശ്വാസം പകരുന്നതാണ്.

കേരള ഹൈക്കോടതിയിലും സുപ്രീം കോടതിയിലും മറ്റും നിലവിലുള്ള കേസുകളിൽ വ്യാപാരികൾക്ക് ഏറെ സഹായകരമാവും. ജി.എസ്.ടി. യുടെ അടിസ്ഥാനതത്വം പോലും മറന്നു കൊണ്ടുള്ള നടപടികൾ മിക്ക സംസ്ഥാനങ്ങളിലും പ്രത്യേകിച്ച് കേരളത്തിൽ നടന്നു വരുമ്പോൾ കൊൽക്കത്ത ഹൈക്കോടതി വിധി വ്യാപാരി സമൂഹത്തിന് ഏറെ ആശ്വാസം പകരുന്നതാണ്. വിതരണക്കാരൻ വരുത്തിയിട്ടുള്ള വീഴ്ചകൾക്ക് (പ്രത്യേകിച്ച് 2017-18, 2018-19 വർഷങ്ങളിൽ) നികുതിയും പലിശയും ചേർത്ത് ലക്ഷക്കണക്കിന് രൂപയുടെ കുടിശ്ശിക നോട്ടീസും നടപടികളും ആണ് ഇപ്പോൾ വ്യാപാരികൾ നേരിടുന്നത്. പലരും മനസ്സ് മടുത്ത് വ്യാപാരം അടച്ചു പൂട്ടുന്ന സാഹചര്യം പോലും ഉണ്ടായി.

ഇത്തരം വ്യാപാരികൾക്ക് ഒരു പരിധി വരെയെങ്കിലും ആശ്വാസം പകരുന്നതാണ് ഇപ്പോഴത്തെ കോടതി വിധി.■

**അഡ്വ. കെ. എസ്. ഹരിഹരൻ**
**ജി. എസ്. റ്റി. & സെൻട്രൽ എക്സൈസ് കമ്മിറ്റി ചെയർമാൻ**
9846227555, 7902443188, 7907000401



# ജി.എസ്.ടി. ആക്റ്റ് ആന്റ് റൂൾസ് പുസ്തകത്തിന്റെ മലയാള പരിഭാഷ പ്രകാശനം



കെ.എസ്.എസ്.ഐ.എ. ജി.എസ്.ടി. സബ് കമ്മിറ്റി കൺവീനർ അഡ്വ. കെ.എസ്.ഹരിഹരന്റെ ജി.എസ്.ടി. ആക്റ്റ് ആന്റ് റൂൾസ് എന്ന പുസ്തകത്തിന്റെ മലയാള പരിഭാഷ പ്രകാശന ചടങ്ങ് ജി.എസ്.ടി. ജോ. കമ്മീഷണർ ബി. പ്രമോദും, ധനം മാഗസീൻ ചീഫ് എഡിറ്റർ ആന്റ് മാനേജിങ്ങ് ഡയറക്ടറുമായ കുര്യൻ എബ്രഹാം എന്നിവർ ചേർന്ന് നിർവ്വഹിക്കുന്നു.



കെ.എസ്.എസ്.ഐ.എ. ജി.എസ്.ടി. സബ് കമ്മിറ്റി കൺവീനർ അഡ്വ. കെ.എസ്. ഹരിഹരന്റെ ജി.എസ്.ടി. ആക്റ്റ് ആന്റ് റൂൾസ് എന്ന പുസ്തകത്തിന്റെ മലയാള പരിഭാഷ പ്രകാശന ചടങ്ങിൽ സംസ്ഥാന ജനറൽ സെക്രട്ടറി പി.ജെ.ജോസ് പുസ്തകത്തിന്റെ കോപ്പി ഏറ്റു വാങ്ങുന്നു

GOODS AND SERVICES TAX

KSSIA NEWS
AUGUST 2023

# ദുരന്തങ്ങളിൽ നാം എങ്ങിനെ സുരക്ഷിതരാവാം



വിശ്വനാഥൻ ഒടാട്ട്

2018ൽ ഉണ്ടായ പ്രളയം, തുടർന്നുണ്ടായകോവിഡ് എന്ന മഹാമാരി, ഇക്കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായ പ്രകൃതിദുരന്തങ്ങൾ, കാലാവസ്ഥാ വ്യതിയാനം മൂലം കാർഷികമേഖലയിലുണ്ടായ പ്രതിസന്ധികൾ. എന്നിങ്ങനെ ഒന്നിനുപുറകെ മറ്റൊന്നായി ദുരന്തങ്ങൾ, നമ്മെ വേട്ടയാടുകയാണ്. തന്മൂലം നമ്മുടെ ആരോഗ്യ സംരക്ഷണത്തിനു വേണ്ടി വരുന്ന ചിലവുകൾ, ദുരന്തങ്ങൾ മൂലം ഉണ്ടാകുന്ന ജീവഹാനി, വീട്, വസ്തുവഹകൾ, വാഹനങ്ങൾ എന്നിവക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ, കൃഷിക്കും, വളർത്തുമൃഗങ്ങൾക്കും ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ എന്നിവ ഭീമമായി വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്.

നഗരവൽക്കരണവും അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനവും മൂലം വെള്ളപ്പൊക്കത്തിന്റെ വ്യാപ്തി വർദ്ധിച്ചു വരികയാണ്. കേരളത്തിലാകട്ടെ ജനങ്ങൾ തിങ്ങി പാർക്കുന്നത് നീരൊഴിക്കിന് തടസം ഉണ്ടാവുന്നു. എന്തിനധികം ശുദ്ധമായ കുടിവെള്ളത്തിന്റെ അഭാവംമൂലം മഴക്കാലമായ ജലജന്യ രോഗങ്ങൾ, പകർച്ചവ്യാധികൾ എന്നിവകൂടിവരികയാണ്. അസുഖങ്ങൾ, മാരകരോഗങ്ങൾ, പകർച്ചവ്യാധികൾ എന്നിവയ്ക്കായി ആശുപത്രി ചിലവിനത്തിൽ വലിയതുകയാണ് ചിലവിടേണ്ടി വരുന്നത്. അപകടങ്ങൾ മൂലമുള്ള മരണം, അംഗവൈകല്യങ്ങൾ, എന്നിവയും ദിനംപ്രതി കൂടിവരികയാണ്.

പ്രളയം, തീപിടുത്തം, മണ്ണിടിച്ചിൽ, മലയിടിച്ചിൽ എന്നിവമൂലം വീടിനും, സാധനസാമഗ്രികൾക്കും സംഭവിക്കുന്ന നാശനഷ്ടങ്ങൾ ചെറുതല്ല. കൂട്ടത്തിൽ വാഹനങ്ങൾക്കും ധാരാളം നഷ്ടം സംഭവിക്കുന്നുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ എല്ലാംതന്നെ, നാം സംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിക്കുകയെ ഇനി നിർവ്വാഹമുള്ളൂ. കാരണം നമ്മുടെ സാമ്പത്തികസ്ഥിതി പൂർണ്ണമായും പുനസ്ഥാപിക്കാനുള്ള യാതൊരുവിധ സംവിധാനവും ഇന്ന് നിലവിലില്ല. ഉണ്ടെങ്കിൽതന്നെ അത് പര്യാപ്തമല്ല.

മേൽ പറഞ്ഞ ദുരന്തങ്ങളിലെല്ലാം തന്നെ, വിവിധ പോളിസികൾ എടുക്കുന്നത് മൂലം, നമുക്ക് നമ്മുടെ സാമ്പത്തിക നഷ്ടങ്ങൾ നികത്താൻ സാധിക്കും. വീടിനും ഗൃഹരക്ഷാ പോളിസിഎടുക്കാൻ 1 ലക്ഷംരൂപക്ക് 15 രൂപ മുതൽ 24 രൂപ വരെ (വിവിധ കമ്പനികൾ നൽകുന്ന നിരക്കാണിത്) ഒരുവർഷത്തിൽ നൽകിയാൽ മതി. ഇതിൽവീടും, വീട്ടുപകരണങ്ങളും ഉൾപ്പെടുത്താനും സൗകര്യമുണ്ട്. അസുഖങ്ങൾ, അപകടങ്ങൾ എന്നിവയ്ക്കുള്ള ചികിത്സാചിലവുകൾ കവർ ചെയ്യാനായി ആരോഗ്യ ഇൻഷുറൻസും, അപകട ഇൻഷുറൻസും എടുത്താൽമതി. വാഹനങ്ങളാകട്ടെ ഇൻഷുർ ചെയ്യുമ്പോൾ പാക്കേജ് പോളിസികൾ എടുത്താൽ മാത്രമെ പ്രളയം, അപകടങ്ങൾ, കളവ് എന്നിങ്ങനെയുള്ള റിസ്കുകൾ കവർചെയ്യുകയുള്ളൂ. സ്വാഭാവിക മരണം കവർ ചെയ്യാനായി ടേംകവർ പോളിസിയും പ്രയോജനകരമായിരിക്കും.

കർഷകർക്ക് വിളകൾ ഇൻഷുർ ചെയ്യാനായി കാലാവസ്ഥാധിഷ്ഠിതവിള ഇൻഷുറൻസിന്റെ പ്രയോജനം നേടാം. കന്നുകാലികൾക്കുള്ള കഷ്ടനഷ്ടങ്ങൾ കവർചെയ്യാവുന്ന പോളിസികളും ഇന്ന് വിപണിയിലുണ്ട്. സ്ഥാപനങ്ങൾ നടത്തുന്നവരാണെങ്കിൽ അവരുടെ ബിൽഡിങ്ങ്, മെഷീനറി, സ്റ്റോക്ക് എന്നിവയ്ക്ക് ശരിയായ സംരക്ഷണ മാർഗ്ഗങ്ങൾ തിരഞ്ഞെടുക്കേണ്ടതാണ്. ഇൻഷുർ ചെയ്യാൻവേണ്ടി ഇൻഷുറൻസ് കമ്പനി/പോളിസി തിരഞ്ഞെടുക്കുമ്പോൾ ഒട്ടേറെ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. പോളിസിയിൽ കവർ ചെയ്യുന്ന റിസ്കുകൾ, ഇൻഷുർ ചെയ്യുന്ന തുക, പ്രീമിയം നിരക്ക്, ക്ലെയിം സെറ്റിൽമെന്റ് റേഷ്യോ, സേവന നിലവാരം എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഇൻഷുർ ചെയ്യുമ്പോൾ ഇക്കാര്യം ശ്രദ്ധിച്ചില്ലെങ്കിൽ ഒരുക്ലെയിം ഉണ്ടായാൽ നിങ്ങളുടെ നഷ്ടം നികത്താൻ കഴിഞ്ഞെന്ന് വരില്ല. മേൽ പറഞ്ഞ പോളിസികൾ തിരഞ്ഞെടുക്കുമ്പോൾ അതിന് വേണ്ടിവരുന്ന സാമ്പത്തികചിലവ് കണക്കാക്കി മുൻഗണനാ ക്രമത്തിൽ എടുത്താലും മതി. വർദ്ധിച്ചുവരുന്ന ഇത്തരം ദുരന്തങ്ങളെ നേരിടാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കാതിരുന്നാൽ നമ്മുടെ ഭാവിതന്നെ അപകടത്തിലാവും. അതിനാൽ ശരിയായ ഇൻഷുറൻസ് പോളിസികളെടുത്ത് സുരക്ഷിതരായിരിക്കുന്നതല്ലെ ഉചിതം. ■

**എയിംസ് ഇൻഷൂറൻസ് ബ്രോക്കിംങ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിങ്ങ് ഡയറക്ടർ ആണ് ലേഖകൻ. ✆ 9895768333**



ടി.എസ്. ചന്ദ്രൻ

# പ്രധാന മന്ത്രിയുടെ ഭക്ഷ്യ സംസ്കരണ പദ്ധതി

PMFME
सूक्ष्म उद्यमों का संबल

ഇന്ത്യയിൽ ഉടനീളം വിജയകരമായി നടപ്പാക്കി കൊണ്ടിരിക്കുന്ന ഒരു പ്രധാന പദ്ധതിയാണ് പി.എം.എഫ്.എം.ഇ. **ഒരു ജില്ല ഒരു ഉത്പന്നം** എന്ന പദ്ധതിയുടെ ഭാഗമായിട്ടാണ് ഈ ആനുകൂല്യം പ്രഖ്യാപിച്ചിരിക്കുന്നത്. കാർഷിക മേഖലയുടെ പുരോഗതിയും തൊഴിലവസരങ്ങൾ സൃഷ്ടിക്കലും, ഈ രംഗത്തെ സാങ്കേതിക വിദ്യ ഉയർത്തലും, ലക്ഷ്യം വെച്ചു കൊണ്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പാക്കി വരുന്ന ഒരു പദ്ധതിയാണിത്.

(Prime ministers scheme for formalisation of micro food processing enterprises) or PMFME.

5 വർഷത്തേക്കാണ് പദ്ധതി നടപ്പാക്കുന്നത്. ഭക്ഷ്യ സംസ്കരണ മേഖലയിൽ 10 ലക്ഷം വരെ സർക്കാർ സബ്സിഡിയോട് കൂടി ഒരു സംരംഭം തുടങ്ങാൻ ഈ പദ്ധതി അവസരം ഒരുക്കുന്നു ഈ പദ്ധതിയുടെ 60 ശതമാനം കേന്ദ്ര സർക്കാരും 40 ശതമാനം സംസ്ഥാന സർക്കാരും വഹിക്കുന്നതാണ്. 2020-21 മുതൽ 2024-25 വരെ 10,000 കോടി രൂപയാണ് ഇതിനായി കേന്ദ്ര സർക്കാർ വകയിരുത്തിയിരിക്കുന്നത്.

### ഒരു ജില്ല ഒരു ഉൽപ്പന്നം

ഓരോ ജില്ലയിലെയും മുഖ്യവിളകളെ മൂല്യ വർദ്ധനവ് വരുത്തി അതിനെ വളർത്തിക്കൊണ്ടു വരിക എന്നതാണ് **ഒരു ജില്ല ഒരു ഉൽപ്പന്നം** എന്ന പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കേരളത്തിൽ ഇതനുസരിച്ച് 14 ജില്ലകൾക്കായി 10 കാർഷിക വിളകളാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

| | | |
|---|---|---|
| തിരുവനന്തപുരം | - | മരിച്ചീനി |
| കൊല്ലം | - | മരച്ചീനിയും മറ്റ് കിഴങ്ങ് വിളകളും |
| പത്തനംതിട്ട | - | ചക്ക |
| ആലപ്പുഴ | - | നെല്ല് |
| തൃശ്ശൂർ | - | അരി |
| എറണാകുളം | - | കൈതച്ചക്ക |
| ഇടുക്കി | - | സുഗന്ധ വ്യഞ്ജനങ്ങൾ |
| കോട്ടയം | - | കൈതച്ചക്ക |
| പാലക്കാട് | - | ഏത്തക്കായ |
| മലപ്പുറം | - | നാളികേരം |
| കോഴിക്കോട് | - | നാളികേരം |
| വയനാട് | - | പാൽ |
| കണ്ണൂർ | - | വെളിച്ചെണ്ണ |
| കാസർഗോഡ് | - | ചിപ്പിയും അനുബന്ധ ഉത്പന്നങ്ങളും |

ഇത്തരം അസംസ്കൃത വസ്തുക്കൾ കൂടുതൽ മൂല്യ വർദ്ധിതമാക്കുവാനാണ് ഇപ്പോൾ വലിയ തോതിൽ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിരിക്കുന്നത്.

### പുതുസംരംഭകർക്ക് മാത്രമല്ല ആനുകൂല്യം

നിലവിലുള്ള സംരംഭങ്ങൾക്കും പുതിയ സംരംഭങ്ങൾക്കും ഇത് വഴി സഹായം ലഭ്യമാണ്. നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഭക്ഷ്യ സംസ്കരണ മേഖലയിലെ സംരംഭങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

### സാമ്പത്തിക സഹായം എങ്ങനെ

സംരംഭകന് ബാങ്ക് ലോൺ നിർബന്ധമാണ്. വ്യക്തികൾക്ക് പദ്ധതി ചിലവിന്റെ 35% പരമാവധി 10 ലക്ഷം വരെയാണ് ധന സഹായമായി ലഭ്യമാവുക. എന്നാൽ ഓർഗനൈസേഷനുകൾക്ക് 35% പരമാവധി 3 കോടി രൂപ വരെയാണ് സഹായം. സ്ഥലവില, വാടക തുടങ്ങിയവ പദ്ധതി ചിലവിൽ ഉൾപ്പെടുന്നില്ല. യന്ത്ര സാമഗ്രികളും ടെക്നിക്കൽ സിവിൽ വർക്കുമാണ് പദ്ധതിയിൽ ഉൾപ്പെടുക. എന്നാൽ ടെക്നിക്കൽ സിവിൽവർക്കുമാണ് പദ്ധതിയിൽ ഉൾപ്പെടുക. ടെക്നിക്കൽ സിവിൽ വർക്ക് ആകെ പദ്ധതി ചിലവിന്റെ 30 ശതമാനത്തിൽ കൂടുവാൻ പാടുള്ളതല്ല. എന്നാൽ വർക്കിങ്ങ് ക്യാപിറ്റലിന് സബ്സിഡിക്ക് അർഹതയില്ല. വർക്കിങ്ങ് ക്യാപിറ്റൽ വായ്പയ്ക്ക് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന ഒരു ഭവനം ഒരു വ്യവസായം പദ്ധതി അനുസരിച്ചുള്ള പലിശ സബ്സിഡിക്ക് അർഹത ഉണ്ടായിരിക്കും. ഇത് അനുസരിച്ച് 6% വാർഷിക പലിശ സർക്കാർ തിരികെ നൽകുന്നതാണ്.

### ആർക്കൊക്കെ അപേക്ഷിക്കാം.

വ്യക്തികൾ, പാർട്ട്ണർഷിപ്പ് സ്ഥാപനങ്ങൾ, ഫാർമർ പ്രൊഡ്യൂസർ, ഓർഗനൈസേഷനുകൾ, ഫാർമർ, പ്രൊഡ്യൂസർ കമ്പനികൾ, നോൺ ഗവൺമെന്റ് ഓർഗനൈസേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ, സ്വയം സഹായ സംഘങ്ങൾ, പ്രൈവറ്റ് ലിമിറ്റഡ് കമ്പനികൾ എന്നിവക്കെല്ലാം അപേക്ഷിക്കുവാൻ അർഹതയുണ്ട്.

### യോഗ്യതകൾ

വ്യക്തികൾക്ക് 18 വയസ്സ് തികഞ്ഞിരിക്കണം. വിദ്യഭ്യാസ യോഗ്യത നിഷ്കർഷിച്ചിട്ടില്ല. കുറഞ്ഞത് 10 % തുകയെങ്കിലും സംരംഭകൻ തന്റെ വിഹിതമായി കൊണ്ടു വരണം.

ഈ പദ്ധതിയെപ്പറ്റി കൂടുതൽ അറിയുവാനും അപേക്ഷ സമർപ്പിക്കുവാനും mofi.nic.in/PMFME എന്ന സൈറ്റ് സന്ദർശിക്കുക. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴിയും, താലൂക്ക് വ്യവസായ ഓഫീസുകൾ വഴിയും, ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിലെ വ്യവസായ വികസന ഓഫീസർമാർ വഴിയും ഈ പദ്ധതിയിലേക്ക് അപേക്ഷ സമർപ്പിക്കുവാൻ സാധിക്കും.

**സംസ്ഥാന വ്യവസായ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ ആണ് ലേഖകൻ.**

KSSIA NEWS
AUGUST 2023




# ഇവിടെ സ്വപ്നങ്ങൾക്ക് ചിറകുകൾ മുളയ്ക്കുന്നു



സുരജ് എസ്.

നവസംരംഭകർക്കും ബിസിനസ് താത്പര്യമുള്ളവർക്കും ആശയങ്ങൾ അവതരിപ്പിക്കാനും അവ ബിസിനസ് സംരംഭങ്ങളാക്കി മാറ്റുന്നതിനുമായി വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിക്കുന്ന നൂതനാശയ മത്സരമായ ഡ്രീംവെസ്റ്റർ ഫൈനൽ റൗണ്ട് മത്സരങ്ങൾ അവസാനിച്ചു. വിജയികൾക്കുള്ള സമ്മാന ദാനം 2023 ആഗസ്റ്റ് 19 ന് എറണാകുളം മറൈൻ ഡ്രൈവിലെ താജ് ഗേറ്റ് വേ ഹോട്ടലിൽ സംഘടിപ്പിക്കും. നാല് റൗണ്ടുകളിലായി നടത്തപ്പെട്ട മത്സരത്തിന്റെ ഫൈനൽ 2023 ജൂലൈ 14ന് ആയിരുന്നു സംഘടിപ്പിച്ചത്.

നൂതന സംരംഭകാശയങ്ങളും അവ പ്രാവർത്തികമാക്കാനുള്ള ഇച്ഛാശക്തിയും കൈമുതലായ മികവുറ്റ മത്സരാർത്ഥി കളായിരുന്നു ഫൈനലിൽ ഏറ്റുമുട്ടിയത്. അഗ്രി ആന്റ് ഫുഡ് പ്രോസസ്സിങ്ങ്, ഇലക്ട്രോണിക്സ് ആന്റ് ഐ.ടി., ബിസിനസ് ഇന്നവേഷൻ, ലൈഫ് സയൻസ് ആന്റ് ഹെൽത്ത് കെയർ എന്നീ വിഭാഗങ്ങളിലായി 19 പേരായിരുന്നു ഫൈനൽ റൗണ്ടിലെ മത്സരാർത്ഥികൾ.

വിവിധ വിഭാഗങ്ങളിലായി 816 എൻട്രികളാണ് ഡ്രീംവെസ്റ്റർ മത്സാർത്ഥികളായി കടന്നു വന്നത്. അതിൽ നിന്നും മികച്ച ആശയങ്ങൾ പങ്ക് വയ്ക്കുന്ന 100 പേരെ പ്രാഥമിക റൗണ്ടിലേക്ക് തെരഞ്ഞെടുക്കുകയായിരുന്നു. മത്സരാർത്ഥികൾക്ക് വിദഗ്ധ ജഡ്ജിങ്ങ് പാനലിനു മുന്നിൽ നേരിട്ട് തങ്ങളുടെ ആശയങ്ങൾ വിശദമായി അവതരിപ്പിക്കാൻ അവസരമൊരുക്കിയിരുന്നു. അതിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 50 പേരെയാണ് രണ്ടാം റൗണ്ടിലേക്ക് തെരഞ്ഞെടുത്തത്. വിദഗ്ദ്ധ ജഡ്ജിങ്ങ് പാനലിനൊപ്പം വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, സ്റ്റാർട്ടപ്പ് മിഷൻ, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രീയൽ പ്രൊമോഷൻ എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരും രണ്ടാം റൗണ്ടിൽ അംഗങ്ങളായിരുന്നു. സെമി ഫൈനലിൽ നിന്നു തെരഞ്ഞെടുക്കപ്പെട്ട മികച്ച 20 ആശയങ്ങളാണ് ഫൈനൽ റൗണ്ടിൽ ഏറ്റുമുട്ടിയത്.

സംസ്ഥാന സർക്കാർ 2022–23 സംരംഭക വർഷമായി പ്രഖ്യാപിച്ച പശ്ചാതലത്തിൽ സംരംഭകത്വ വികസന സംരംഭങ്ങളുടെ ഭാഗമായിട്ടായിരുന്നു ഡ്രീംവെസ്റ്റർ മത്സരം സംഘടിപ്പിച്ചത്. അഭ്യസ്തവിദ്യരായ യുവജനത അന്യ രാജ്യങ്ങളിലേക്ക് കുടിയേറുന്നതും അവരുടെ കഴിവും പരിശ്രമങ്ങളും മറ്റ് സ്ഥലങ്ങളിൽ ഉപയോഗിക്കുന്ന തിന് പകരം നമ്മുടെ നാട്ടിൽ തന്നെ വിനിയോഗിക്കുന്നതിനും ആയിരുന്നു മത്സരം ലക്ഷ്യം വെച്ചത്. യുവജനങ്ങൾ സംരംഭക രംഗത്തേക്ക് കൂടുതലായി കടന്നു വരുന്നതിലൂടെ, അവരെ തൊഴിൽ അന്വേഷകരിൽ നിന്നും തൊഴിൽ അന്തരീക്ഷവും തൊഴിലവസരങ്ങളും സൃഷ്ടിക്കു ന്നതിനും സാധിക്കും. അത് കൊണ്ട് തന്നെ 18 വയസ്സ് മുതൽ 35 വയസ്സ് വരെയായിരുന്നു മത്സരത്തിൽ പങ്കെടുക്കുന്നതിനുള്ള പ്രായപരിധി. www.dramvestor.in എന്ന വെബ്സൈറ്റിലൂടെ 2022 നവംബർ 22 മുതൽ ഡിസംബർ 23 വരെയായിരുന്നു അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി.

സർക്കാർ ഉടമസ്ഥതയിലുള്ള ബിസിനസ് ഇൻകുബേഷൻ സെന്ററുകളിലെ ഇൻകുബേഷൻ സ്പേസിലേക്കുള്ള പ്രവേശനം, മെന്ററിങ്ങ് പിന്തുണ, സീഡ് ക്യാപ്പിറ്റൽ സഹായം, വിപണി ബന്ധങ്ങൾ തുടങ്ങിയ സഹായം ഉറപ്പു നൽകും. കേരളത്തിൽ വേരൂന്നിക്കൊണ്ട് വിജയകരമായ സംരംഭങ്ങൾ സ്ഥാപിക്കാനും ആഗോള അവസരങ്ങൾ പ്രയോജനപ്പെടുത്താനും ഡ്രീംവെസ്റ്റർ അവസരമൊരുക്കും.

നൂതന സംരംഭക ആശയങ്ങളും വ്യത്യസ്ഥ സംരംഭക സ്വപ്ന ങ്ങളുടെ അവതരണവും കൊണ്ട് ശ്രദ്ധേയമായിരുന്നു ഡ്രീംവെസ്റ്റിന്റെ ഓരോ റൗണ്ടും. സംരംഭക സൗഹൃദയമെന്ന നിലയിൽ കേരളം തുറന്നു കൊടുക്കുന്ന അവസരങ്ങളിൽ യുവജനങ്ങളും സംരംഭകരും എത്രമാത്രം വിശ്വാസം അർപ്പിക്കുന്ന എന്നതിന് തെളിവായിരുന്നു ആദ്യ റൗണ്ട് മുതൽ തങ്ങളുടെ സ്വപ്ന സംരംഭങ്ങളെ പരിചയപ്പെടുത്തിയ മത്സാർത്ഥികൾ.

ഒന്നാം സമ്മാനം നേടുന്നയാൾക്ക് 5 ലക്ഷം രൂപയും രണ്ടും മൂന്നും സമ്മാനങ്ങൾ ലഭിക്കുന്നവർക്ക് യഥാക്രമം മൂന്ന് ലക്ഷം രൂപയും രണ്ട് ലക്ഷം രൂപയുമാണ് സമ്മാനം. 4 മുതൽ 10 വരെ സ്ഥാനങ്ങൾ നേടുന്നവർക്ക് ഒരു ലക്ഷം രൂപ വീതവും 11 മുതൽ 20 വരെ സ്ഥാനക്കാർക്ക് 25,000 രൂപ വീതവും ലഭിക്കും. കൂടാതെ 20 ഫൈനലിസ്റ്റുകൾക്കും സർട്ടിഫിക്കറ്റുകളും മെമ്മന്റോകളും സമ്മാനിക്കും.

**കെ – ബിപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആണ് ലേഖകൻ**


# GST




## ജി.എസ്.റ്റി–ഒറ്റനികുതി ആന്റ് സിമ്പിൾ ടാക്സ് എന്ന മുദ്രാവാക്യവുമായി ഇന്ത്യയുടെ ബിസിനസ് അന്തരീക്ഷം ലളിതമാക്കി സുതാര്യമായ സാമ്പത്തിക സ്ഥിതിയിലേക്ക് ഇന്ത്യ ഇതാ എളുപ്പം പോകുന്നു എന്നും പറഞ്ഞു 6 വർഷം മുമ്പ് തുടങ്ങിയ ജി.എസ്.റ്റി. നിയമങ്ങൾ ലക്ഷ്യത്തിലെത്തിയോ?

പരിഹരിക്കപ്പെടാത്ത ചില പ്രശ്നങ്ങൾ താഴെ പറയുന്നു.

1. പരാതി പരിഹാരത്തിനുള്ള ഏറ്റവും വലിയ നിയമ സംവിധാനമായ ജി.എസ്.റ്റി. ട്രൈബ്യൂണൽ ഇതുവരെ സ്ഥാപിക്കപ്പെട്ടിട്ടില്ല.
2. ജി.എസ്.റ്റി. നെറ്റ്‌വർക്ക് സാങ്കേതിക പ്രശ്ന വിമുക്തവും യൂസർ–ഫ്രണ്ട്‌ലിയും ആകുന്ന കാലം ഇപ്പോഴും അകലെ.
3. ജി.എസ്.റ്റി. നിയമങ്ങൾ സങ്കീർണ്ണായി തുടരുന്ന അവസ്ഥ. ജി.എസ്.റ്റി. തുടങ്ങിയതിനു ശേഷം ആയിരക്കണക്കിന് മാറ്റങ്ങൾ ദിവസേന വന്നു കൊണ്ടിരിക്കുന്നു. നടത്തിപ്പിലേയും നിയമത്തിലെയും അനിശ്ചിതാവസ്ഥ ഇപ്പോഴും തുടരുന്നു.
4. ജി.എസ്.റ്റി. വന്നിട്ട് 6 വർഷമായിട്ടും ഇപ്പോഴും പഴയ വാറ്റിലെ കേസുകൾ അവസാനിക്കുന്നില്ല.
5. വാറ്റിന്റെ ബാധയെ ഒഴിപ്പിക്കുക. വാറ്റ് കാലയളവിലെ നികുതി പ്രശ്നങ്ങൾ ഇപ്പോഴും ബിസിനസുകാർ നേരിട്ടുകൊണ്ടിരിക്കുന്നു.
7. ജി.എസ്.റ്റി. യുടെ നിയമത്തെ സംബന്ധിച്ച് വാഹനത്തിൽ സാധനങ്ങൾ കൊണ്ടു പോകുന്നതു തടഞ്ഞു വെച്ച് സാങ്കേതിക കാര്യങ്ങൾക്കു പോലും വലിയ നികുതിയും പെനാലിറ്റികളും ഉദ്യോഗസ്ഥൻ പിരിക്കുന്നു.
8. കോടതികൾ ഇടപെട്ടിട്ടും ഉദ്യോഗസ്ഥരുടെ വ്യാഖ്യാനങ്ങൾ ജി.എസ്.റ്റി. നിയമനടത്തിപ്പിലും പരിശോധനകളിൽ കുഴപ്പങ്ങൾ സൃഷ്ടിക്കുന്നു. ഈ ഒരവസ്ഥ ഇനിയും ഒരുപാട് മാറേണ്ടതുണ്ട്.
9. രജിസ്ട്രേഷൻ ക്യാൻസലേഷൻ നടപടികൾ കൂടുതൽ വിഷമമായി തുടരുന്നു.
10. ടൺ കണക്കിന് നോട്ടിഫിക്കേഷനും സർക്കുലറും ഇറക്കി ജി.എസ്.റ്റി. കൂടുതൽ സങ്കീർണമാക്കുന്നു.
11. ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ബിസിനസ്സുകാരന്റെ അവകാശമാണ്. അത് നിസ്സാര കാരണങ്ങൾ ചൂണ്ടി കാണിച്ച് നിഷേധിക്കുന്നത് വളരെ ദൗർലഭ്യകരമാണ്.
12. ജി.എസ്.റ്റി. യുടെ ഓഡിറ്റ് വിഭാഗം പരിശോധനകൾ ബിസിനസ്സുകാരെ വിഷമവൃത്തത്തിൽ ആക്കുന്നു.
13. നികുതി പിരിക്കാനുള്ള ഒരേയൊരു ജോലി ആണ് തങ്ങൾക്ക് ഉള്ളത് എന്നുള്ള ഉദ്യോഗസ്ഥരുടെ മനോഭാവം മാറിയേ പറ്റു. അവർ ഫാസിലിറ്റേറ്റർ ആയാലെ ജി.എസ്.റ്റി. വിജയകരമാകു.




## ഓണാശംസകൾ

ലോകമെമ്പാടുമുള്ള മലയാളികൾ ജാതിഭേദമില്ലാതെ ഒത്തു കൂടുകയും ആഘോഷിക്കുകയും ചെയ്യുന്ന ഉത്സവമാണ് ഓണം. ഓണക്കാലത്തെ ഓർമ്മകൾ എല്ലാ മലയാളിക്കും ഗൃഹാതുരത്വം ഉണർത്തു ന്നതാണ്. പുതിയ പ്രതീക്ഷകൾ ആണ് ഓരോ നാളുകളും നമുക്ക് മുന്നിൽ കാഴ്ച വെക്കുന്നത്. എല്ലാവർക്കും സമ്പൽസമൃദ്ധിയുടെയും, ഐശ്വര്യത്തിന്റെയും സന്തോഷത്തിന്റെയും ഓണാംശംസകൾ നേരുന്നു.

എ.നിസാറുദ്ദീൻ
സംസ്ഥാന പ്രസിഡന്റ്

പി.ജെ. ജോസ്
ജനറൽ സെക്രട്ടറി

# സംരംഭകർക്ക് കരുതൽ ഒരുക്കി സർക്കാർ എം.എസ്.എം.ഇ. കൾക്ക് ഇൻഷൂറൻസ് പദ്ധതി സംരംഭക വായ്പകൾ 4 ശതമാനം പലിശനിരക്കിൽ



എസ്. ഹരി കിഷോർ ഐ.എ.എസ്.

കേരളത്തിലെ വ്യവസായ വാണിജ്യ സാദ്ധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി സംരംഭകർക്ക് ബിസിനസ് അവസരങ്ങൾ കെട്ടിപ്പടുക്കുന്നതിന് നിരവധി പദ്ധതികളാണ് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കുന്നത്. സംരംഭകർക്ക് തങ്ങളുടെ സ്വപ്ന പദ്ധതികൾ ആരംഭിക്കുന്നതിന് മുമ്പെങ്ങുമില്ലാത്ത ആത്മവിശ്വാസമാണ് വ്യവസായ വകുപ്പ് ഉറപ്പാക്കുന്നത്. ഒരു ബിസിനസ്/പ്രൊജക്റ്റിനെ ആശയ രൂപികരണ ഘട്ടത്തിൽ നിന്ന് സംരംഭം യാഥാർത്ഥ്യമാക്കാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ചും ധനസഹായം നല്കിയും സംസ്ഥാന വ്യവസായ വകുപ്പ് ഓരോ സംരംഭകരെയും ചേർത്ത് പിടിക്കുന്നു. കേരളത്തെ സംരംഭക സൗഹൃദ സംസ്ഥാനമാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ, പുതിയതായി സൂക്ഷ്മ–ചെറുകിട–ഇടത്തരം സംരംഭങ്ങൾക്ക് എം.എസ്.എം.ഇ. ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കിയും 10 ലക്ഷം വരെയുള്ള സംരംഭക വായ്പകൾ നാല് ശതമാനം പലിശനിരക്കിൽ സംരംഭകർക്ക് വായ്പ നല്കിയും സർക്കാർ സംരംഭകരെ ഒപ്പം നിർത്തുന്നു.

### എം.എസ്.എം.ഇ. ഇൻഷൂറൻസ് പദ്ധതി

എം.എസ്.എം.ഇ. കൾക്ക് പ്രീമിയത്തിൽ പകുതി സർക്കാർ വഹിക്കുന്ന ഇൻഷൂറൻസ് പദ്ധതി ആവിഷ്കരിക്കുകയാണ് വ്യവസായ വകുപ്പ്. 2023–24 സാമ്പത്തിക വർഷം മുതൽ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് എം.എസ്.എം.ഇ. ഇൻഷൂറൻസ് പദ്ധതി. ഇൻഷൂറൻസ് മേഖലയിലെ നാല് പൊതു മേഖല സ്ഥാപനങ്ങൾ വഴി ഇൻഷൂറൻസ് പരിരക്ഷയൊരുക്കും. സംരംഭങ്ങളുടെ വാർഷിക പ്രീമിയത്തിന്റെ 50 ശതമാനം (പരമാവധി 2,500 രൂപ) സർക്കാർ വഹിക്കുന്ന പദ്ധതിയാണ് എം.എസ്.എം.ഇ. ഇൻഷൂറൻസ് പദ്ധതി. നാഷണൽ ഇൻഷൂറൻസ് കമ്പനി ലിമിറ്റഡ്, ഓറിയന്റൽ ഇൻഷൂറൻസ് കമ്പനി ലിമിറ്റഡ് ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ്, യൂണൈറ്റഡ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് തുടങ്ങിയവയാണ് നാല് പൊതുമേഖലാ ഇൻഷൂറൻസ് സ്ഥാപനങ്ങൾ. ഈ നാല് പൊതുമേഖലാ ഇൻഷൂറൻസ് ഓപ്പറേറ്റർമാരിൽ നിന്ന് സൂക്ഷ്മ/ലഘു ഉദ്യം സുരക്ഷാ പോളിസി വാങ്ങിയിരിക്കണം. എം.എസ്.എം.ഇ. സംരംഭങ്ങളുടെ കെട്ടിടം, യന്ത്രസാമഗ്രികൾ, സ്റ്റോക്ക് എന്നിവയെ ബാധിക്കാൻ സാദ്ധ്യതയുള്ള അപകടങ്ങൾ പ്രകൃതി ദുരന്തങ്ങൾ എന്നിവയിൽ നിന്നൊക്കെ സാമ്പത്തിക പരിരക്ഷ നല്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

നിർമ്മാണ/ സേവന/ വ്യാപാര മേഖലയിൽ നിലവിലുള്ളതും പുതിയതുമായ എല്ലാ സംരംഭങ്ങളും ഇൻഷുറൻസിന് അർഹരായിരിക്കും. എം.എസ്.എം.ഇ. കൾക്ക് ഉദ്യം രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.

സംരംഭക വർഷ പദ്ധതിയിലൂടെ 1,39,000 സംരംഭങ്ങൾ ആരംഭിച്ച് ചരിത്ര നേട്ടം കൈവരിച്ച ഘട്ടത്തിൽ തന്നെ സംരംഭങ്ങലുടെ അടച്ചു പൂട്ടൽ തടയുന്നതിനുള്ള ക്രമീകരണങ്ങളും ഉറപ്പാക്കുന്നതിന് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ആശയങ്ങൾ ആവിഷ്കരിച്ചിരുന്നു. ഇതിന്റെ ഭാഗമായാണ് 2023–24 സാമ്പത്തിക വർഷം മുതൽ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കായി എം.എസ്.എം. ഇ. ഇൻഷൂറൻസ് പദ്ധതി ആരംഭിക്കുന്നത്.

സംരംഭകർക്ക് കൂടുതൽ മെച്ചപ്പെട്ട സംരംഭക സാഹചര്യം സൃഷ്ടിച്ചെടുക്കുന്നതിനുമായി മറ്റനവധി പദ്ധതികളും വ്യവസായ വാണിജ്യ വകുപ്പ് ആവിഷ്കരിക്കുന്നുണ്ട്.

### കേരള സംരംഭക വായ്പ പദ്ധതി

സംസ്ഥാനത്തിലെ ബാങ്കേഴ്സ് കമ്മിറ്റിയുമായി സഹകരിച്ചാണ് സംരംഭകർക്കായി കേരള സംരംഭക വായ്പ പദ്ധതി ആരംഭിച്ചിട്ടുള്ളത്. പുതിയതായി 10 ലക്ഷം വരെയുള്ള വായ്പ



കൾ 4 ശതമാനം പലിശനിരക്കിൽ ആണ് സംരംഭകർക്ക് ലഭ്യമാക്കുന്നത്. വ്യവസായ വകുപ്പിന്റെ പ്രത്യേക പലിശ സബ്സിഡിയും ഈ വായ്പ പദ്ധതിയുടെ ആകർഷമാണ്. ഉല്പാദന –സേവന സംരംഭങ്ങൾക്കൊപ്പം ബിസിനസ് സംരംഭങ്ങൾക്കും ഈ പദ്ധതി പ്രകാരം സഹായം ലഭിക്കും. ബ്ലോക്ക് വ്യവസായ വികസന ഓഫീസർ/ഗ്രാമപഞ്ചായത്ത് എന്റർപ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവ് എന്നിവരുടെ സഹായത്തോടെ പ്രത്യേക പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കാം.

### ഒരു കുടുംബം ഒരു സംരംഭം

ഓരോ കുടുംബത്തിലും സംരംഭകത്വ പ്രവർത്തന പ്രോത്സാഹിപ്പിക്കുന്നതിനും വനിതാ സംരംഭകത്വം ശാക്തീകരിക്കുന്നതിനും ആവിഷ്കരിച്ച പദ്ധതിയാണ് ഒരു കുടുംബം ഒരു സംരംഭം (One family one enterprirse - OFOE).

ഉല്പാദന, സേവന വ്യാപാര മേഖലകളിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എടുത്ത വായ്പയിൽ 10 ലക്ഷം വരെയുള്ള തുകയ്ക്ക് പലിശയിളവ് നല്കുന്നതാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി. 10 ലക്ഷം വരെയുള്ള ലോൺ തുകയ്ക്ക് (ടേം ലോൺ/പ്രവർത്തന മൂലധന വായ്പ) ആദ്യത്തെ 5 വർഷത്തേക്ക് 6 ശതമാനം പലിശ ഇളവിന് അർഹതയുണ്ട്. വായ്പയെടുക്കുന്നയാൾ ബാങ്കിന് 4 ശതമാനം പലിശ നല്കിയാൽ മതി. ബാക്കി പലിശ 6 ശതമാനം സർക്കാർ നല്കും. വായ്പ വിതരണം ചെയ്തതു മുതൽ 5 വർഷം വരെ പലിശ സബ്സിഡി സർക്കാർ നല്കും.

2022 ഏപ്രിൽ ഒന്നിനോ അതിനുശേഷമോ പ്രവർത്തനം/ഉല്പാദനം ആരംഭിച്ച എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളും ഈ പദ്ധതിക്ക് കീഴിൽ സഹായത്തിന് അർഹരാണ്. അപേക്ഷിക്കുന്ന തീയതി പ്രകാരം യൂണിറ്റ് പ്രവർത്തനക്ഷമമായിരിക്കണം. കേന്ദ്ര/സംസ്ഥാന സർക്കാർ/തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ (പി.എം.എഫ്.എം.ഇ. സ്കീം ഒഴികെ) ഏതെങ്കിലും സ്കീമിന് കീഴിലുള്ള ഒരു ഗ്രാന്റ് സഹായവും യൂണിറ്റിന് ലഭിച്ചിട്ടില്ലെങ്കിൽ പദ്ധതിയ്ക്ക് അർഹനാണ്. അപേക്ഷകന് 6 മാസത്തേക്കോ ഒരു വർഷത്തേക്കോ സഹായം ലഭിക്കും. സംരംഭകർക്ക് ofoe.industry.kerala.gov.in എന്ന വെബ്സൈറ്റ് വഴി അപേക്ഷ സമർപ്പിക്കാം. എം.എസ്.എം.ഇ. മേഖലയെ കൈപിടിച്ചുയർത്താൻ സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ആവിഷ്കരിച്ചു നടപ്പാക്കുന്ന മികവാർന്ന പദ്ധതികളും സംരംഭക സൗഹൃദ കേരളത്തിലേക്ക് സംരംഭകരെയും നിക്ഷേപകരെയും ആകർഷിക്കുന്നു. സംരംഭകർക്ക് മികച്ച അടിത്തറയൊരുക്കി കരുതൽ പദ്ധതികളുമായി മുന്നോട്ട് പോവുകയാണ് കേരളം. ●

**വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ആന്റ്**
**കെ.എസ്.ഐ.ഡി.സി. എം.ഡി. ആണ് ലേഖകൻ**



KSSiA NEWS

KSSIA NEWS
(Vyavasayam)
Monthly Magazine
Advtertisement Tariff

| | | |
|---|---|---|
| Front Page Bottom (Colour) | - | 12,000 + G S T |
| Full Back page (Colour) | - | 15,000 + G S T |
| Full Back page inside (Colour) | - | 10,000 + G S T |
| Full Front Page inside (Colour) | - | 10,000 + G S T |
| Full page inside (Colour) | - | 9,000 + G S T |
| Half page inside (Colour) | - | 5,000 + G S T |
| Quarter page inside (Colour) | - | 3,000 + G S T |

Journal Size Demy 1/4
Number of pages – 24
**Discount**
For 12 months insertion 15%
For 6 months insertion 10%

## നമ്മുടെ വ്യവസായം



കെ.എസ്.എസ്.ഐ.എ. അംഗങ്ങളായ വ്യവസായികളെയും അവരുടെ വ്യവസായത്തേയും പരിചയപ്പെടുത്തുന്ന തുടർ പംക്തി ആരംഭിച്ചു. താല്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക.

എസ്. സലിം
ചീഫ് എഡിറ്റർ







ആദികേശവൻ.എസ്

# സൂക്ഷ്മ ചെറുകിട ഇടത്തരം വായ്പകൾ

## തിരിച്ചു പിടിക്കൽ അറ്റകൈയ്യായി മാത്രം

ഇക്കഴിഞ്ഞയാഴ്ചയാണ് കിട്ടാക്കടങ്ങളുടെ ഒത്തു തീർപ്പുകളിൽ ബാങ്കുകൾ പാലിക്കേണ്ട നടപടി ക്രമത്തിനെക്കുറിച്ച് റിസർവ്വ് ബാങ്ക് ഒരു വിശദീകരണ കുറിപ്പിറക്കിയത്. പ്രധാനമായും ഈ വിശദീകരണം ഫ്രോഡ് അല്ലെങ്കിൽ മനപ്പൂർവ്വമായ തിരിച്ചടവ് വീഴ്ച (വിൽഫുൾ ഡിഫോള്ട്) നടത്തിയിട്ടുള്ള വായ്പ അക്കൗണ്ടുകളെ സംബന്ധിച്ചായിരുന്നു. ഇത്തരം വായ്പക്കാർക്കെതിരെ ക്രിമിനൽ നടപടികൾ തുടരെ തന്നെ വായ്പകൾ ഒത്തുതീർക്കുവാൻ ബാങ്കുകൾക്ക് അവരവരുടെ ബോർഡ് അംഗീകൃത പോളിസിയുടെ അടിസ്ഥാനത്തിൽ നിങ്ങാൻ സാധിക്കും എന്നാണ് റിസർവ്വ് ബാങ്ക് പറഞ്ഞതിന്റെ സാരം.

വായ്പ തിരിച്ചടവിൽ മുടക്കം വന്നാൽ റിസർവ്വ് ബാങ്ക് പ്രധാനമായും 3 മാർഗ്ഗങ്ങൾ സ്വീകരിക്കാനാണ് ബാങ്കുകളോട് പറഞ്ഞിട്ടുള്ളത്. ആദ്യം തിരുത്തൽ (റെക്റ്റിഫിക്കേഷൻ), അതായത് കുറച്ച് സാവകാശം നൽകി തിരിച്ചടവ് ക്രമീകരിക്കാൻ ശ്രമിക്കുക. അത് ഫലിച്ചില്ലെങ്കിൽ വായ്പ പുനക്രമീകരണം (റി സ്ട്രക്റ്ററിങ്ങ്). ഇതും നടപ്പില്ലെങ്കിൽ പിന്നെ തിരിച്ചു പിടിക്കൽ (റിക്കവറി), ഇതിനെ ചുരുക്കത്തിൽ 3 – ആർ പ്രക്രിയ എന്നാണ് പറയുന്നത്, സൂക്ഷ്മ ചെറുകിട ഇടത്തരം (എം.എസ്.എം.ഇ.) യൂണിറ്റുകൾക്ക് പ്രത്യേകിച്ചും റിസർവ്വ് ബാങ്ക് നിഷ്കർഷിച്ചിട്ടുള്ളത് പുന: ക്രമീകരണത്തിന്റെ സാദ്ധ്യത ആരായാതെ ബാങ്കുകൾ റിക്കവറിയിലേക്ക് പോകരുതെന്നാണ്. നിലവിലുള്ള കേന്ദ്ര സക്കാരിന്റെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 250 കോടി വരെ വിറ്റുവരവുള്ള സാമാന്യം എല്ലാ സംരംഭങ്ങളും (കച്ചവട സ്ഥാപനങ്ങൾ ഉൾപ്പടെ) എം.എസ്.എം.ഇ. നിർവ്വചനത്തിന്റെ പരിധിയിലാണ് വരിക. ഈ വിഭാഗത്തിൽപെടുന്ന വായ്പകൾക്ക് നിർബന്ധമായും ബാങ്കുകൾ ആരായേണ്ട ഒരു സാദ്ധ്യതയാണ് വായ്പ പുനക്രമീകരണം. 2016 മുതൽ തന്നെ നിലവിലുള്ള ഈ റിസർവ്വ് ബാങ്ക് നിർദ്ദേശത്തിന്റെ വിവിധ വശങ്ങളിലേക്ക് ഒരു എത്തിനോട്ടം.

## ഏതു തരം വായ്പകൾക്കാണ് റിസർവ്വ് ബാങ്കിന്റെ പ്രത്യേക ചട്ടക്കൂട് ബാധകം?

സൂക്ഷ്മ ചെറുകിട ഇടത്തരം വിഭാഗത്തിൽ ഉൾപ്പെടുന്ന 25 കോടി വരെ വായ്പകൾക്കുള്ള എല്ലാ സംരംഭങ്ങൾക്കും റിസർവ്വ് ബാങ്കിന്റെ നിർദ്ദേശങ്ങൾ ബാധകമാണ്. വായ്പ ഒന്നിലധികം ബാങ്കുകളിൽ നിന്നും ആവാം. സാധാരണ ഒരു കൺസോർഷ്യം (സംഘടിതമായ ബാങ്ക് വായ്പ കൂട്ടായ്മ) അല്ലെങ്കിൽ വ്യക്തിഗതമായി വിവിധ ബാങ്കുകളിൽ നിന്നും എടുത്തവയാവാം ഈ വായ്പകൾ. വായ്പ പരിധി 25 കോടി എന്നതാണ് പ്രധാനം. കേന്ദ്ര സർക്കാർ ജൂലൈ 2021 മുതൽ ചെറുകിട മൊത്ത കച്ചവടത്തിനെയും എം.എസ്.എം.ഇ. യുടെ പരിധിയിൽ കൊണ്ടു വന്നത് കൊണ്ട് ഈ വിഭാഗത്തിൽപ്പെട്ട വായ്പകൾക്കും നിർദ്ദേശം ബാധകമായിരിക്കും.

## ഈ പ്രത്യേക ചട്ടക്കൂടിന്റെ പ്രധാന നിർദ്ദേശം?

എസ്.എം.ഇ. വിഭാഗത്തിൽ വിഭാഗത്തിൽപെടുന്ന വായ്കൾ തിരിച്ചടവ് സമ്മർദ്ദം നേരിടുകയാണെങ്കിൽ അതിന്റെ തുടർ നടപടികൾ തീരുമാനിക്കുന്നതിനായി ജില്ലാ തലത്തിലോ അതിനു മുകളിലോ ഇതിനു വേണ്ടി പ്രത്യേകം കമ്മിറ്റികൾ രൂപികരിച്ചിരിക്കണം. വായ്പ 10 ലക്ഷം രൂപ വരെയാണെങ്കിൽ ബ്രാഞ്ച് മാനേജരുടെ അദ്ധ്യക്ഷതയിലാവും ഈ കമ്മിറ്റി. അതിനു മുകളിലാണെങ്കിൽ (25 കോടി വരെ) ബന്ധപ്പെട്ട ബാങ്കുകളിലെ ഉദ്യോഗസ്ഥരെ കൂടാതെ സംസ്ഥാന സർക്കാരിന്റെയും പുറത്തു നിന്നുള്ള ഒരു എം.എസ്.എം.ഇ. വിദഗ്ധനെയും ഈ കമ്മിറ്റിയിൽ ഉൾപ്പെടുത്തണം. സംസ്ഥാന സർക്കാരിന്റെ പ്രതിനിധിയെ ലഭിച്ചില്ലെങ്കിൽ അതിനു പകരം ഈ മേഖലയിൽ പ്രവൃത്തി പരിചയമുള്ള വിരമിച്ച ബാങ്ക് ഉദ്യോഗസ്ഥരെയും ഈ കമ്മിറ്റി അംഗമാക്കാം. പക്ഷെ എല്ലാ ബാങ്കുകളിലും ഇത്തരം കമ്മിറ്റികൾ ഉണ്ടാവണം എന്ന് മാത്രമല്ല റിക്കവറി നടപടികൾ ഈ കമ്മിറ്റിയുടെ വിശദ പരിശോധനയ്ക്കു വിധേയമായി മാത്രമേ നടത്തുവാൻ സാധിക്കുകയുള്ളു. തട്ടിപ്പോ (ഫ്രോഡ്) മനപൂർവ്വമുള്ള തിരിച്ചടവ് മുടക്കം വരുത്തുകയോ ചെയ്തിട്ടുള്ള സംരംഭകർക്ക് ഈ കമ്മിറ്റിയുടെ വിശദ പരിശോധനാനുകൂല്യം ലഭ്യമാക്കേണ്ട.



## തിരിച്ചടവ് മുടങ്ങിയാൽ ബാങ്കുകൾ ആദ്യം ചെയ്യേണ്ടത്?

വായ്പ തിരിച്ചടവിൽ മുടക്കം വരികയും സാമ്പത്തിക സമ്മർദ്ദം വെളിവാക്കുകയും ചെയ്യുന്ന ഉടൻ തന്നെ ബന്ധപ്പെട്ട അക്കൗണ്ടുകൾക്ക് ഒരു കറക്റ്റീവ് ആക്ഷൻ പ്ലാൻ (തിരുത്തൽ പ്രക്രിയ നടപടി) തയ്യാറാക്കുവാൻ വേണ്ടി മേൽ പറഞ്ഞ കമ്മിറ്റികൾക്ക് മുമ്പാകെ അതിനാവശ്യമായ സാമ്പത്തിക രേഖകൾ ഹാജരാക്കണം. ഈ രേഖകൾ എന്തൊക്കെയെന്ന് റിസർവ്വ് ബാങ്കിന്റെ വിശദമായ സർക്കുലറിൽ (മാർച്ച് 17, 2016) വ്യക്തമാക്കിയിട്ടുണ്ട്. അതിനു അനുസൃതമായ രേഖകൾ പരിശോധിച്ചതിനു ശേഷം ഈ കമ്മിറ്റികൾക്ക് ആദ്യമേ സൂചിപ്പിച്ച 3–ആർ പ്രക്രിയയുടെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കാം. സംരംഭകന് തന്റെ നിലപാട് ഈ കമ്മിറ്റിയുടെ മുമ്പിൽ ബോധിപ്പിക്കുവാനുള്ള അവസരവും നൽകണം.

## ഈ പ്രക്രിയയുടെ ആനുകൂല്യം നിർബന്ധമായും ലഭ്യമാക്കേണ്ടതാണോ?

അതെ. തട്ടിപ്പോ മറ്റു ഗുരുതരമായ വീഴ്ചകളോ വരുത്താത്ത എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം വായ്പകൾക്കും ഈ ചട്ടക്കൂട് പ്രകാരമുള്ള പരിശോധന റിസർവ്വ് ബാങ്ക് നിർബന്ധമാക്കിയിട്ടുണ്ട്. പരിശോധനയ്ക്ക് ശേഷം വായ്പ ക്രമീകരണം കൊണ്ടും സംരംഭം പ്രായോഗികമായി നടത്തി കൊണ്ടു പോകുവാൻ സാധിക്കില്ല എന്ന് കമ്മിറ്റി തീരുമാനിക്കുകയാണെങ്കിൽ റിക്കവറി നടത്താനുള്ള നടപടികളുമായി ബാങ്കുകൾക്ക് മുന്നോട്ടു പോകാം. ഈ നടപടിക്കെതിരെയും ഒരു പുനഃപരിശോധന അപേക്ഷ നൽകാനുള്ള അവസരം സംരംഭകർക്കുണ്ട്.

## എന്തായിരിക്കണം ബാങ്കുകളുടെയും സംരംഭകരുടെയും സംയുക്ത ശ്രമം?

റിസർവ്വ് ബാങ്കും കേന്ദ്ര സർക്കാരും ഉദ്ദേശിക്കുന്നത് പരമാവധി എം.എസ്.എം.ഇ. സംരംഭങ്ങളെ സംരക്ഷിക്കുക എന്നതാണ്. ഒരു അറ്റകൈയ്യായി മാത്രമേ റിക്കവറി നടപടികളിലേക്ക് ബാങ്കുകൾ നീങ്ങാവു എന്ന് സാരം. സംരംഭകരും സമയാസമയം സത്യസന്ധമായി രേഖകളും സ്ഥിതി വിവര കണക്കുകളും നൽകുവാൻ ബാധ്യസ്ഥരാണ് എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. രണ്ടു പക്ഷങ്ങളും സഹകരിച്ചാൽ റിസർവ്വ് ബാങ്കിന്റെ ഉദ്ദേശ ശുദ്ധി നിറവേറും.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
മുൻ ചീഫ് ജനറൽ മാനേജർ ആണ് ലേഖകൻ.

## വായനക്കാരുടെ ശ്രദ്ധയ്ക്ക്

**എം.എസ്.എം.ഇ. യിൽ റജിസ്റ്റർ ചെയ്ത യൂണിറ്റുടമകൾ, കെ.എസ്.എസ്.ഐ.എ. യിൽ മെമ്പർഷിപ്പ് എടുക്കാൻ താല്പര്യമുള്ളവർ താഴെ കാണുന്ന അതാത് ജില്ലാ ഓഫീസുകളുമായി ബന്ധപ്പെടുക. നിലവിൽ കെ.എസ്.എസ്.ഐ.എ. യിൽ അംഗത്വമുള്ള എല്ലാ യൂണിറ്റുകളും അവരവരുടെ അംഗത്വം എല്ലാവർഷവും പുതുക്കേണ്ടതാണെന്ന് കൂടി അറിയിക്കുന്നു.**

1. തിരുവനന്തപുരം ........................ 94471 41091
2. കൊല്ലം................................. 85900 51533
3. പത്തനംതിട്ട................................ 9846373893
4. ഇടുക്കി.................................... 9447330569
5. കോട്ടയം................................ 94460 83561
6. ആലപ്പുഴ................................ 99959 15888
7. എറണാകുളം ............................ 8943190749
8. തൃശ്ശൂർ .................................... 8078955514
9. പാലക്കാട്................................ 80780 54860
10. വയനാട്................................ 90484 13565
11. കോഴിക്കോട്............................ 98954 58057
12. മലപ്പുറം................................ 75105 07060
13. കണ്ണൂർ ................................ 94976 00665
14. കാസർഗോഡ്............................ 9446255319

Follow Us:

# Sulfex®

Since 1994



കഴിഞ്ഞ 30 ൽ പരം വർഷങ്ങളായി ദക്ഷിണേന്ത്യയിൽ മെത്ത വ്യാപാര രംഗത്ത്
നിറസാന്നിധ്യമായി നിലകൊള്ളുന്ന സുൾഫെക്സ് കേരളത്തിൽ വിവിധ
മേഖലകളിൽ ബിസിനസ് തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക്
പാർട്ണർഷിപ് വ്യവസ്ഥയിൽ ബിസിനസ് തുടങ്ങാൻ അവസരമൊരുക്കുന്നു.
പരിപൂർണ സാങ്കേതിക വിവരവും ആശയങ്ങളും ഉള്ളവർ ബന്ധപ്പെടുക,
ഇപ്പോൾ നഷ്ടത്തിലോടുന്ന എന്നാൽ നല്ല വിറ്റുവരവ് ഉണ്ടായിരുന്ന
ഫാക്ടറികൾക്ക് വേണ്ട CRISIS MANAGEMENT CONSULTANCY യും
സുൾഫെക്സിൽ നിന്നും ലഭ്യമാണ്.









Sulfex®

Since 1994

MATTRESS

**Contact:**

sulfexmanpower@gmail.com

Contact: **8086 64 34 44, 9744 20 20 71**

Opp. Govt.College of Engineering Kannur
Parassinikkadavu, Kannur, Kerala, India.
www.sulfexmattress.com

# മുഖാമുഖം

## കെ.എസ്.എസ്.ഐ.എ. ഓഫീസിൽ വെച്ച് പ്രിൻസിപ്പൽ സെക്രട്ടറി (ഇൻഡസ്ട്രീസ്) എ.പി.എം.മുഹമ്മദ് ഹനീഷുമായി മുഖാമുഖം




പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ് മറുപടി പ്രസംഗം നടത്തുന്നു.

കെ.എസ്.എസ്.ഐ.എ. സംസ്ഥാന കമ്മിറ്റി യോഗത്തിൽ വെച്ച് പ്രിൻസിപ്പൽ സെക്രട്ടറി (ഇൻഡസ്ട്രീസ് ആന്റ് ആന്റ് ഹെൽത്ത് ആന്റ് വെൽഫെയർ) എ.പി.എം. മുഹമ്മദ് ഹനീഷുമായി മുഖാമുഖം പരിപാടി സംഘടിപ്പിച്ചു. സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീന്റെ അദ്ധ്യക്ഷത വഹിച്ച പരിപാടിയിൽ ജനറൽ സെക്രട്ടറി പി.ജെ. ജോസ് സ്വാഗതം പറഞ്ഞു. 14 ജില്ലകളെ പ്രതിനിധാനം ചെയ്യുന്ന ചെറുകിട വ്യവസായികളുടെ പ്രശ്നങ്ങൾ മുഖാമുഖം പരിപാടിയിലൂടെ പ്രിൻസിപ്പൽ സെക്രട്ടറി വിലയിരുത്തുകയും അവരുടെ ആവശ്യങ്ങൾക്ക് ഉചിതമായ പ്രശ്ന പരിഹാരത്തിന് ശ്രമിക്കാമെന്ന് അദ്ദേഹം ഉറപ്പ് നല്കുകയും ചെയ്തു. വളരെ നാളുകളായി ചെറുകിട വ്യവസായ മേഖല ഒന്നടങ്കം ആവശ്യപ്പെട്ട ലാന്റ് അലോട്ട്മെന്റ് പോളിസി ഉടനടി പുറത്തിറങ്ങുമെന്ന ഒരു ഉറപ്പു കൂടി അദ്ദേഹം നല്കുകയുണ്ടായി. ഈ വർഷം വ്യവസായ വകുപ്പിൽ മികവുറ്റതായ പല മാറ്റങ്ങൾ സംഭവിക്കുമെന്നു കൂടി അദ്ദേഹം വാഗ്ദാനം നല്കുകയുണ്ടായി. യോഗത്തിൽ വെച്ച് സംസ്ഥാന സംഘടനയുടെ ഉപഹാരം സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷിന് നല്കി. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. എബ്രാഹാം കുര്യക്കോസ് ( സെൻട്രൽ സോൺ) നന്ദി പറഞ്ഞു.



സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു.



ജനറൽ സെക്രട്ടറി പി.ജെ.ജോസ് സ്വാഗത പ്രസംഗം നടത്തുന്നു.

സംസ്ഥാന സംഘടനയുടെ ഉപഹാരം സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസിന് നല്കുന്നു.





We are capable of designing and making all kinds of PVC Profiles and Beadings Extrusion Dies.
We also take production according to the client's requirement.

● EXTRUSION SOLUTIONS ● RIGID PVC AND SOFT PVC ● PROFILES AND BEADINGS

## M&T POLYMERS

W-IV/286, Alattuchira P.O., Chettinada, Perumbavoor, Ernakulam, Kerala - 683 544
Phone: 9387523439, 9400455998, 9388491046. Email: toolroomtm@gmail.com, trsatlantic@gmail.com

## Looking for a 2D CAD Drafting Software with .dwg Compatibility?

DraftSight®

For Designers & Manufacturers, Architects, Engineers, Construction Service Providers, Professional CAD users.

- Create, edit, view, and mark-up any type of 2D and 3D DWG file
- Make significant savings over comparable CAD applications
- Cost-effective CAD software with Network licensing
- Choose from flexible offerings to suit various businesses & budgets
- Familiar and customizable interface for 2D CAD drawing creation
- Available as Perpetual and Yearly version. No forced renewals



SPECIAL OFFER

Conceptia Konnect
CONCEPTIA SOFTWARE TECHNOLOGIES PVT LTD
10/58 G3, Green Garden Road,
Near TV Centre, CSEZ P.O, Kakkanad,
Cochin, Kerala – 682 037

www.ckonnect.in

Contact Us
+91 9590 506 408
+91 9847 116 494
marketing@ckonnect.in

# ജില്ലാ വാർത്തകൾ

## കോഴിക്കോട് ജില്ല വാർഷിക പൊതു യോഗവും മുഖാമുഖം പരിപാടിയും




കെ.എസ്.എസ്.ഐ.എ. കോഴിക്കോട് ജില്ല വാർഷിക പൊതുയോഗവും മുഖാമുഖം പരിപാടിയും സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ ഉദ്ഘാടനം ചെയ്യുന്നു.

## എന്റർപ്രൈസസ് ഡെവലപ്മെന്റ് എക്സിക്യൂട്ടിവ്സ് മുഖാമുഖം പരിപാടി



കെ.എസ്.എസ്.ഐ.എ. കോഴിക്കോട് ജില്ല സംഘടിപ്പിച്ച എന്റർപ്രൈസസ് ഡെവലപ്മെന്റ് എക്സിക്യൂട്ടിവ്സ് മുഖാമുഖം പരിപാടി സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ ഉദ്ഘാടനം ചെയ്യുന്നു.

## ഇന്ത്യൻ സ്മോൾ സ്കെയിൽ പെയിന്റ് മാന്യുഫാക്ചറിങ് അസോസിയേഷൻ



ഇന്ത്യൻ സ്മോൾ സ്കെയിൽ പെയിന്റ് മാന്യുഫാക്ചറിങ് അസോസിയേഷൻ കേരള ചാപ്റ്റർ സംഘടിപ്പിച്ച മീറ്റിങ്ങിൽ ജനറൽ സെക്രട്ടറി പി.ജെ. ജോസ് മുഖ്യപ്രഭാഷണം നടത്തുന്നു.

## പത്തനംതിട്ട ജില്ല വാർഷിക പൊതുയോഗം




കെ.എസ്.എസ്.ഐ.എ. പത്തനംതിട്ട ജില്ല വാർഷിക പൊതുയോഗത്തിൽ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ ഉദ്ഘാടന പ്രസംഗം നടത്തുന്നു.

## കേരള കോക്കനട്ട് ഓയിൽ മാന്യൂഫാക്ചറേഴ്സ് അസോസിയേഷൻ




കെ.എസ്.എസ്.ഐ.എ.യുടെ അഫിലിയേറ്റഡ് മെമ്പറായ കേരള കോക്കനട്ട് ഓയിൽ മാന്യൂഫാക്ചറേഴ്സ് അസോസിയേഷന്റെ നിവേദനം സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവിന് കൈമാറുന്നു

## ചന്ദ്രയാൻ ത്രീ യുടെ ഭാഗമായി പ്രവർത്തിച്ച കെ.എസ്.എസ്.എഫ്. നു മെമ്മന്റോ




ചന്ദ്രയാൻ ത്രീ യുടെ ഭാഗമായി പ്രവർത്തിച്ച കെ.എസ്.എസ്.എഫ്. സ്ഥാപക ചെയർമാനും ഇടുക്കി ജില്ലാ അംഗവുമായ പ്രൊഫ. ജോസഫ് ടി.സിറിയക്കിന് സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ മെമ്മന്റോ നല്കി ആദരിക്കുന്നു.

# ജില്ലാ വാർഷിക പൊതുയോഗ ദൃശ്യങ്ങൾ

## വയനാട് ജില്ല




കെ.എസ്.എസ്.ഐ.എ. വയനാട് ജില്ല വാർഷിക പൊതുയോഗവും മുഖാമുഖം പരിപാടിയും സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ ഉദ്ഘാടനം ചെയ്യുന്നു

## ഇടുക്കി ജില്ല




കെ.എസ്.എസ്.ഐ.എ. ഇടുക്കി ജില്ല വാർഷിക പൊതുയോഗവും മുഖാമുഖം പരിപാടിയും സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ ഉദ്ഘാടനം ചെയ്യുന്നു

## തിരുവനന്തപുരം ജില്ല




കെ.എസ്.എസ്.ഐ.എ. തിരുവനന്തപുരം ജില്ല വാർഷിക പൊതുയോഗവും വ്യവസായി സംഗമവും സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ ഉദ്ഘാടനം ചെയ്യുന്നു.

## കാസർഗോഡ് ജില്ല




കെ.എസ്.എസ്.ഐ.എ. കാസർഗോഡ് ജില്ല വാർഷിക പൊതുയോഗം ജനറൽ സെക്രട്ടറി പി.ജെ. ജോസ് ഉദ്ഘാടനം ചെയ്യുന്നു.

## കണ്ണൂർ ജില്ല




കെ.എസ്.എസ്.ഐ.എ.കണ്ണൂർ ജില്ല വാർഷിക പൊതുയോഗവും മുഖാമുഖം പരിപാടിയും സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ ഉദ്ഘാടനം ചെയ്യുന്നു.

## പത്തനംതിട്ട ജില്ല



കെ.എസ്.എസ്.ഐ.എ. പത്തനംതിട്ട ജില്ല വാർഷിക പൊതുയോഗവും മുഖാമുഖം പരിപാടിയും സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ ഉദ്ഘാടനം ചെയ്യുന്നു.

sidbi



# FINANCING END TO END ENERGY EFFICIENCY (4E) INVESTMENTS IN MSMES

## OBJECTIVE

To provide financial assistance to MSMEs engaged in the reduction of greenhouse gases(GHGs) from their operations and support Sustainable Development Goals (SDGs)

## Target Sectors & Eligible Projects

- Manufacturing and service sectors
- Energy efficient machineries/technologies
- Renewable Energy Projects

## Loan Amount

- Upto 100% funding with cash collateral in the form of SIDBI FDR
- Minimum loan - Rs.10 lakhs and
- Maximum Loan - Rs.5 crores

## Eligibility

- Minimum 1 year of operation
- The borrowers should not have defaulted to any Banks/Financial Institutions

## Key Features

- Concessional interest rate as per rating
- Repayment: up to 60 months
- Moratorium : upto 6 months
- Quicker sanction

## Benefits to MSMEs

- Better profitability by reduction in energy & fuel cost upto 25%
- Risk sharing facilities available for EE Projects
- Reimbursement of cost of detailed energy audits upto 70% energy audit fees paid subject to certain conditions



**To Know more, visit our nearest branch. Locate us at: www.sidbi.in**
Follow us on SIDBIofficial sidbiofficial sidbiofficial SIDBI Official
SIDBI (Small Industries Development Bank of India)
**Small Industries Development Bank of India,**
**Green Climate and Energy Efficiency Centre,**
10th Floor, Atma Ram House, 1 Tolstoy Marg, New Delhi-110001
Telephone: 011-2344 8300 I E-mail: eec_credit@sidbi.in

---

sidbi

# EXPRESS

## Machinery Loans Made Easy For MSMEs

✓Seamless Online Loan application Journey
✓Automated Loan Processing
✓Immediate In-Principle offer

### TARGET GROUP

- GST registered MSME units in operations for atleast 3 years

### LOAN AMOUNT

- Upto Rs. 100 lakh
- Upto 100% financing

### FEATURES

- Attractive rate of Interest
- Lower processing Fees
- Quick disbursement

### CONTACT US AT

033 – 68286212
1800-22-6753
bd.dcv@sidbi.in

### VISIT US AT

www.sidbi.in




Image: Freepik.com*

---

सिडबी sidbi

G20 | 75 Azadi Ka Amrit Mahotsav

# EV4ECO Mission 50000

## EV SCHEME FOR DIRECT LENDING



**OBJECTIVE**

To scale-up e-2/3/4Ws adoption..

### ELIGIBLE BORROWERS

- MSMEs willing to purchase electric vehicles for their day-to-day operations | • MSME Fleet operator, Aggregator, Leasing companies/enterprises etc. | • Other EV ecosystem strengthening enterprises (charging, battery swap etc.,)
- Udyami registration shall be mandatory. | • Loan should not be given to individual driver cum owner.

| Existing customer of SIDBI | New to SIDBI | Fleet Operators, Aggregators, Leasing Companies/enterprises etc., |
|---|---|---|
| One year of satisfactory principal repayment track record with SIDBI | 1. Existing entities having minimum two years of operation.<br>2. Cash profits in last audited financial result. | 1. Minimum one year of operation<br>2. Should have cash profits or have received at least one round of equity investment from one or more SEBI registered Alternative Investment Fund (s) (AIF)/ or Foreign VC Investors (FVCI).<br>3. Should have medium / long term business assurance contract with reputed agency or should have one year of dealing with reputed agency. |

**Upfront fee** 0.25% of the sanction amount

| Eligible Electric Vehicle Type | Loan Amount | Eligible electric vehicles/ Product/ OEMs |
|---|---|---|
| 1. Electric two-wheeler- L1 & L2 segment<br>2. E-rickshaw (Lithium-ion)- L3 segment<br>3. Electric three-wheeler, auto & cargo- L5 segment<br>4. Electric 4-wheeler Registration with RTO is mandatory | 1. 100% financing with minimum cash collateral of 25% in form of SIDBI FDR.<br>2. Minimum loan: INR 10 lakh for existing SIDBI customer & INR 20 lakhs for others<br>3. Maximum loan: INR 5 crores to existing SIDBI & New to SIDBI entities and INR 20 crores for the fleet operator, aggregator, etc. | 1. Certificate from CMVR approved testing agencies like ARAI, ICAT, GARC etc. for type of vehicle.<br>2. Batteries with AIS-156 certification<br>3. Vehicle shall be pre-fitted with telematics devices and/or tracking /IOT devices ("Telematics Device").<br>4. Service center at the point of sales in cities/ tie-ups.<br>5. The warranty of the battery should be equal to or greater than loan tenure. |

| Repayment Period | Max repayment up to 5 years. |
|---|---|
| Interest Rates* | Starting at 7% |

* Based on Scoring criteria

**GREEN CLIMATE FINANCE VERTICAL, SMALL INDUSTRIES DEVELOPMENT BANK OF INDIA**
12th floor, Atama Ram House, 1, Tolstoy Marg, New Delhi-110001 | Phone: 011-23682473
Know more:- www.sidbi.in | Feedback / Contact Us :- gcfv@sidbi.in




Printed and Published by **K.P. Ramachandran Nair** on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94963 60300, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 on behalf of Niseema Printers, Kalamassery and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.